പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 626

31.03.2010-ൽ മറുപടിയ്ക്ക്

## മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ കേരളത്തിലെ നിർവ്വഹണം

**ചോദ്യം**

ശ്രീ.സി.കെ.പി. പത്മനാഭൻ :
ശ്രീ.എസ്. രാജേന്ദ്രൻ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ.എം. ചന്ദ്രൻ :
ശ്രീ.എ.എം. യൂസഫ് :

**ഉത്തരം**

ശ്രീ. പാലോളി മുഹമ്മദ് കുട്ടി
(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും
വകുപ്പ് മന്ത്രി)

എ. മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതി യുടെ കേരളത്തിലെ നിർവ്വഹണത്തിൽ എന്തെല്ലാം പ്രത്യേകതകളാണുള്ളത് ;

എ. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിൽ കേരള സംസ്ഥാനത്തെ പ്രത്യേകതകൾ ചുവടെ ചേർക്കുന്നു.

(1). പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് കേന്ദ്രസ്ഥാനം നൽകി. പദ്ധതി പൂർണ്ണമായും ഗ്രാമപഞ്ചായത്തുകളിലൂടെ നടപ്പിലാക്കുന്നു.

(2). കരാറുകാരെയും ഇടനിലക്കാരെയും പൂർണ്ണമായി ഒഴിവാക്കി.

(3). തൊഴിലാളികളുടെ വേതനം അവരുടെ ബാങ്ക്/ പോസ്റ്റോഫീസ് സേവിംഗ് ബാങ്ക് അക്കൗണ്ടിലൂടെ മാത്രം നൽകുന്നു.

(4). സുതാര്യത ഉറപ്പാക്കാനും അഴിമതി ഒഴിവാക്കാനുമുള്ള നടപടികൾ പ്രാവർത്തികമാക്കി.

(5). തൊഴിലാളികൾക്കും സാധാരണക്കാർക്കും മനസ്സിലാകുന്ന രീതിയിൽ സാങ്കേതിക പദങ്ങൾ ഒഴിവാക്കി തയ്യാറാക്കുന്ന ജനകീയ എസ്റ്റിമേറ്റ്, പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളെ കുറിച്ച് തൊഴിലാളികളേയും പൊതുജനങ്ങളേയും ബോധവൽക്കരിക്കുന്നതിനുള്ള മീറ്റിംഗ്, പ്രവർത്തി സംബന്ധിച്ച വിശദ വിവരങ്ങൾ നൽകുന്ന വാർത്താ ബോർഡുകൾ, പ്രവൃത്തികൾ ആരംഭിക്കുന്നതിനു മുമ്പും നിർവ്വഹണത്തിനു ശേഷവുമുള്ള ഫോട്ടോഗ്രാഫുകൾ, വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിശോധന, സോഷ്യൽ ഓഡിറ്റ് എന്നിവയിലൂടെ പദ്ധതി നടത്തിപ്പിൽ സുതാര്യതയും പങ്കാളിത്തവും ഉറപ്പാക്കി.

(6). ആസൂത്രണത്തിലും നിർവ്വഹണത്തിലും നീർത്തട പരിപാലനത്തിനും പരിസ്ഥിതി പുനഃസ്ഥാപനത്തിനും പ്രാമുഖ്യം നൽകി.

(7). സോഷ്യൽ ഓഡിറ്റിന് പ്രയോഗക്ഷമമായ രീതി സമ്പ്രദായം ആവിഷ്കരിച്ചു.

(8). തൽസമയ കമ്പ്യൂട്ടറൈസ്ഡ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം പ്രവർത്തനക്ഷമമാക്കി.

(9). പദ്ധതിയുടെ സംഘാടനത്തിനും മേൽനോട്ടത്തിനും കുടുംബശ്രീയിൽ നിന്നുള്ള മേറ്റുമാരെ നിയോഗിച്ചു. 100 ശതമാനവും സ്ത്രീകൾ മാത്രം പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്ന സംസ്ഥാനമാണ് കേരളം.

(10). കാർഷിക പ്രതിസന്ധിയുടെ രൂക്ഷത കുറയ്ക്കാൻ തൊഴിലുറപ്പു പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി.

(11). തൊഴിലുറപ്പു പദ്ധതിയുമായി വിവിധ വികസന മേഖലകളുടെ സംയോജന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി.

(12). 50 ദിവസമെങ്കിലും പണിയെടുത്ത തൊഴിലാളികൾക്ക് രണ്ടു രൂപയ്ക്ക് അരി നൽകുക, ആരോഗ്യ പരിരക്ഷ ഏർപ്പെടുത്തുക തുടങ്ങിയ സാമൂഹ്യ സുരക്ഷാ നടപടികൾ സ്വീകരിച്ചു.

ബി. ദേശീയ തലത്തിൽ ഇക്കാര്യങ്ങൾ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടോ ;

ബി. ഉണ്ട്.

(1) ബാങ്ക് അക്കൗണ്ടുകൾ വഴി വേതനം നൽകുന്നത്.

(2) പഞ്ചായത്തുകൾ വഴി പ്രവൃത്തികൾ നടത്തുന്നത്.

(3) കുടുംബശ്രീ പ്രവർത്തകരെ മേറ്റ് ആയി ഉപയോഗിക്കുന്നത്.

(4) വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളുമായുള്ള സംയോജനം.

എന്നിവയിൽ കേരളത്തിന്റെ മാതൃക പിന്തുടരണമെന്ന് മറ്റ് സംസ്ഥാനങ്ങളോട് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

സി. നിർവ്വഹണ മികവിന് കേരളത്തിലെ ഏതെല്ലാം ജില്ലകൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

സി. നിർവ്വഹണ മികവിന് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള അവാർഡിന് 2007-08 വർഷം പാലക്കാട് ജില്ലയും 2008-09 വർഷം ഇടുക്കി ജില്ലയും അർഹരായി.

ഡി. അടുത്ത വർഷം എത്ര കുടുംബങ്ങൾക്ക് തൊഴിൽ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഡി. അടുത്ത സാമ്പത്തിക വർഷം 911249(ഒൻപത് ലക്ഷത്തി പതിനൊന്നായിരത്തി ഇരുനൂറ്റി നാൽപ്പത്തി ഒൻപത് ) കുടുംബങ്ങൾക്ക് തൊഴിൽ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ-- പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 627 31-03-2010- ൽ മറുപടിയ്ക്ക്

## ഒരു നെല്ലും ഒരു മീനും പദ്ധതി

ചോദ്യം

ശ്രീ.രാജാജി മാത്യു തോമസ് :
ശ്രീ.എൻ.രാജൻ :
ശ്രീ.പള്ളിപ്രം ബാലൻ :
ശ്രീ.കെ.രാജു :
ശ്രീ.വി.എസ്.സുനിൽകുമാർ :

മറുപടി

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് അഡാക്കിൻെറ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണു നടന്നുവരുന്നതെന്നു വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് അഡാക്കിൻെറ കീഴിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :<br>1. ഒരു നെല്ലും ഒരു മീനും പദ്ധതി<br>2. പൊക്കാളി പാടശേഖരങ്ങളിലെ ചെമ്മീൻ കൃഷി പദ്ധതി<br>3. കല്ലുമ്മേക്കായ കൃഷി പദ്ധതി<br>4. കൂടുകളിലെ മത്സ്യകൃഷി പദ്ധതി<br>5. ഓരുജല മത്സ്യകൃഷി പദ്ധതി<br>6. കുട്ടനാട് പാടശേഖരങ്ങളിൽ സംയോജിത മത്സ്യ/കൊഞ്ചുകൃഷി പദ്ധതി<br>7. വെള്ളായണി കായലിലെ സുസ്ഥിര മത്സ്യഉല്പ്പാദന പദ്ധതി.<br>8. പി.സി.ആർ. ലാബുകൾ<br>9. മത്സ്യകേരളം പദ്ധതി<br>10. ചെമ്മീൻ/കൊഞ്ച് വിത്തുല്പ്പാദനം<br>11. കരിമീൻ/പൂമീൻ/ചെമ്മീൻ/ഞണ്ട് കൃഷി |
| (ബി) അക്വാകൾച്ചർ മേഖലയുടെ പുനരുദ്ധാരണത്തിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനു നിയോഗിച്ച കമ്മിറ്റിയുടെ ശുപാർശകൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത കമ്മിറ്റിയുടെ ശുപാർശകൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ ; | (ബി) ഇൻലാൻറ് ഫിഷറീസ് & അക്വാകൾച്ചർ സംബന്ധമായ ടാസ്ക് ഫോഴ്സിൻെറ (എക്സ്പെർട്ട് കമ്മിറ്റി) ശുപാർശകൾ ലഭിച്ചിട്ടുണ്ട്. അക്വാകൾച്ചർ മേഖലയിൽ മത്സ്യോല്പ്പാദനം വർദ്ധിപ്പിക്കുന്നതിനും സാമൂഹിക - സാമ്പത്തിക ഉന്നമനത്തിനുമായി വർക്ക് പ്ലാൻ തയ്യാറാക്കുക, നിലവിലുള്ള ജലവിഭവങ്ങൾ സംരക്ഷിച്ച് അത് ഉപയോഗിച്ച് മത്സ്യോല്പ്പാദനം വർദ്ധിപ്പിക്കുക, തദ്ദേശസ്വയംഭരണ വകുപ്പിൻെറ കീഴിലുള്ള ജല |

| | |
|---|---|
| | തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ജല വിഭവങ്ങൾ ഘട്ടംഘട്ടമായി ഉപയോഗപ്പെടുത്തുക, ഉൾനാടൻ മേഖലയിൽനിന്നും ജലകൃഷിയിൽ നിന്നുമുള്ള ഉല്പാദനത്തിന്റെ കൃത്യമായ കണക്കുകൾ ശേഖരിക്കുക, മത്സ്യ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് ബോധവൽക്കരണ പരിപാടികൾ നടത്തുക, അക്വാകൾച്ചർ/ഉൾനാടൻ മത്സ്യ മേഖലയ്ക്കുവേണ്ടി സ്ഥാപനങ്ങൾ ആരംഭിക്കുക, കൂടുതൽ ഡിമാൻറുള്ള മത്സ്യങ്ങളെ വളർത്തുക തുടങ്ങിയവയാണ് കമ്മിറ്റിയുടെ ശുപാർശകളിൽ ഉൾപ്പെടുന്നത്. ടാസ്ക് ഫോഴ്സിന്റെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടാണ് മത്സ്യകേരളം പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. പ്രസ്തുത പദ്ധതി വിജയകരമായി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. |
| (സി) ഒരുനെല്ലും ഒരു മീനും പദ്ധതിയിൻകീഴിൽ നടപ്പു സാമ്പത്തികവർഷം നടപ്പാക്കിയ കർമ്മ പരിപാടികൾ എന്തെല്ലാം ; ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ? | (സി) ഒരുനെല്ലും ഒരു മീനും പദ്ധതി തൃശൂർ, മലപ്പുറം ജില്ലകളിലെ കോൾനിലങ്ങളിലും ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന കുട്ടനാടൻ പാടശേഖരങ്ങളിലുമാണ് നടപ്പിലാക്കി വരുന്നത്. നടപ്പുസാമ്പത്തിക വർഷത്തിൽ ടി പദ്ധതിയിൽ കുട്ടനാട് മേഖലയിലെ ഏഴു പഞ്ചായത്തുകളിൽ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുകയുണ്ടായി. 695 കർഷകർക്ക് പുതുതായി മത്സ്യക്കൃഷിയിൽ പരിശീലനം നൽകി. ഈ സാമ്പത്തിക വർഷം ഇതുവരെയായി 2014.32 ഹെക്ടർ കോൾ നിലങ്ങളുൾപ്പെടെ മൊത്തം 3001.27 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഇതിനായി നാളിതുവരെ 61.22 ലക്ഷം രൂപ ചെലവഴിച്ചു. |

**സെക്ഷൻ ഓഫീസർ**

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 628 — 31.03.2010 ൽ മറുപടിയ്ക്ക്**

**<u>കൊച്ചി നഗരത്തിലെ ഭീകരാക്രമണ സാധ്യത - ജാഗ്രതാ നിർദ്ദേശം</u>**

**<u>ചോദ്യം</u>**

**ശ്രീ. എം.എം. മോനായി**
**ശ്രീ. സാജുപോൾ**
**ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്**
**ശ്രീ. അൽഫോൺസ് കണ്ണന്താനം**

(എ) കൊച്ചി നഗരത്തിൽ ഭീകരാക്രമണസാധ്യതയുള്ളതായി റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ അതീവജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) സുരക്ഷാ നടപടികളുടെ ഭാഗമായി എത്ര പേരെ കസ്റ്റഡിയിലെടുത്തിട്ടുണ്ട്;

(ഡി) കൊച്ചിയിലെ ഒബറോൺമാൾ, റയിൽവേസ്റ്റേഷൻ തുടങ്ങിയ സ്ഥലങ്ങളിൽ ബോംബു സ്ഫോടനമുണ്ടാകുമെന്ന് വ്യാജ സന്ദേശം പ്രചരിപ്പിച്ചതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

**<u>ഉത്തരം</u>**

**ശ്രീ . കോടിയേരി ബാലകൃഷ്ണൻ**
**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി.**

(എ) കേന്ദ്രഗവൺമെന്റിൽ നിന്നും വിവരം ലഭിച്ചിരുന്നു.

(ബി) നൽകിയിട്ടുണ്ട്.

(സി) സുരക്ഷാ നടപടികളുടെ ഭാഗമായി ആരേയും കസ്റ്റഡിയിലെടുത്തിട്ടില്ല.

(ഡി) കൊച്ചിസിറ്റിയിൽ ഓബ്റോൺമാൾ, റയിൽവേസ്റ്റേഷൻ, മേനക തുടങ്ങിയ സ്ഥലങ്ങളിൽ ഭീകരാക്രമണമുണ്ടാകുമെന്ന വ്യാജ എസ്. എം. എസ്. സന്ദേശത്തിന്റെ ഉറവിടത്തെക്കുറിച്ച് അന്വേഷിച്ചതിൽ സന്ദേശം പ്രചരിപ്പിച്ച കൊച്ചിയിലേയും പരിസരപ്രദേശത്തുമുള്ള 10 പേരെ കസ്റ്റഡിയിൽ എടുത്തു ചോദ്യം ചെയ്തതിൽ കൊച്ചിയിലെ ഭീകരാക്രമണ സാധ്യതയെപ്പറ്റി അവരുടെ വേണ്ടപ്പെട്ടവരെ അറിയിക്കുക എന്ന സദുദ്ദേശത്തോടെ ചെയ്തതാണെന്ന് വെളിവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ അവരെ താക്കീത് നൽകി വിട്ടയച്ചിട്ടുള്ളതുമാണ്.

| | |
|---|---|
| (ഇ) വ്യാജ ബോംബു ഭീഷണി മുഴക്കിയ വിദ്യാർത്ഥികൾക്കെതിരെ കേസെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (ഇ) ഇല്ല. ടിയാളുകളെ ചോദ്യം ചെയ്തതിൽ ഒരു ഭീഷണി ഉയർത്തുന്നതിനുവേണ്ടിയല്ല തങ്ങൾ ഇപ്രകാരം സന്ദേശം കൈമാറിയിട്ടുള്ളതെന്നും തങ്ങളിൽപ്പെട്ടവരെ ജാഗരൂകരാക്കുക എന്നതിൽ കവിഞ്ഞ് ആരെയെങ്കിലും ഭയപ്പെടുത്തുവാനോ ബുദ്ധിമുട്ടിക്കുവാനോ അല്ല തങ്ങൾ സന്ദേശം എസ്.എം.എസ്സ് ചെയ്തിട്ടുള്ളതെന്ന് പറഞ്ഞിട്ടുള്ളതാകുന്നു. ആയതിനെക്കുറിച്ച് നടത്തിയ അന്വേഷണത്തിലും ടിയാന്മാരുടെ ഇപ്പോഴത്തെ പ്രവർത്തന രീതിയും പൂർവ്വകാല ചരിത്രവും പരിശോധിച്ചതിലും ആയത് സാധൂകരിക്കുന്നതിനാൽ ടിയാന്മാർക്കെതിരെ നിയമ നടപടി സ്വീകരിച്ചിട്ടില്ലാത്തതാണ്. ഇത്തരം പ്രവൃത്തികൾ മൂലം സമൂഹത്തിലുണ്ടാകുന്ന വിഭ്രാന്തിയുടേയും മറ്റു ബുദ്ധിമുട്ടുകളുടേയും ഗൗരവം ടിയാന്മാരെ പറഞ്ഞു മനസ്സിലാക്കി ഇക്കാര്യത്തിൽ കർശനമായി താക്കീത് ചെയ്ത് രക്ഷിതാക്കളോടൊപ്പം ടിയാന്മാരെ വിട്ടയച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ-- പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 629 31-03-2010- ൽ മറുപടിയ്ക്ക്

## സുനാമി ദുരിത ബാധിതർക്കായി ആവിഷ്ക്കരിച്ച തീരമൈത്രി പദ്ധതി

ചോദ്യം

ശ്രീമതി.പി.അയിഷാപോറ്റി :
ശ്രീ.ആനത്തലവട്ടം ആനന്ദൻ :
ശ്രീ.എ.എം.ആരിഫ് :
ശ്രീ.എം.പ്രകാശൻ മാസ്റ്റർ :
ശ്രീ.പി.വിശ്വൻ :

മറുപടി

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) സുനാമി ദുരിത ബാധിതർക്കായി ആവിഷ്ക്കരിച്ച തീരമൈത്രി പദ്ധതിയുടെ വിശദാംശം നൽകുമോ ; | (എ) സുനാമി പുനരധിവാസ പദ്ധതികളുടെ ഭാഗമായി കേരളത്തിന്റെ തീരദേശ മേഖലയിൽ നടക്കുന്ന പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ, ജീവനോപാധി പുനസ്ഥാപനവുമായി ബന്ധപ്പെട്ട പദ്ധതികൾ സംസ്ഥാന ഫിഷറീസ് വകുപ്പാണ് നടപ്പാക്കിവരുന്നത്. ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ധനസഹായത്തോടുകൂടി 38.62 കോടി രൂപയുടെ സുനാമി അടിയന്തിര സഹായ പദ്ധതിയും പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായത്തോടെ 21.2186 കോടി രൂപയുടെ പദ്ധതികളുമാണ് 9 തീരദേശ ജില്ലകളിലായി സർക്കാർ ഏജൻസികൾ മുഖേന നടപ്പാക്കിവരുന്നത്. ജീവനോപാധി പുന:സ്ഥാപനം, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, പൊതു സഹായ പദ്ധതികൾ (പരിശീലനങ്ങൾ, പ്രചാരണം, വിപണന സൗകര്യം ഒരുക്കൽ, ഇൻഷ്വറൻസ്) എന്നീ വിഭാഗങ്ങളിലാണ് പ്രസ്തുത പദ്ധതികൾ. മേൽപ്പറഞ്ഞ ചെറുപദ്ധതികളിലൂടെ ഏകദേശം 50,000 ത്തിലധികം കുടുംബങ്ങൾ ഇതിന്റെ നേരിട്ടുള്ള ഗുണഭോക്താക്കളായി മാറുന്നു. മിക്ക പദ്ധതികളിലും വനിതകളാണ് സംരംഭകർ. സുനാമി അടിയന്തിര സഹായ പദ്ധതിയിലും, സുനാമി പുനരധിവാസ പദ്ധതിയിലും പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ പദ്ധതിയിലുംകൂടി 1000 - ലധികം ചെറുസംരംഭങ്ങ |

| | |
|---|---|
| | ളാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ ടീപ്പിൽ വിഭാവനം ചെയ്തിരുന്ന 400 ചെറുതൊഴിൽ സംരംഭങ്ങളും സുനാമി പുനരധിവാസ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന 392 സംരംഭങ്ങളും പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി - പദ്ധതിയിൻകീഴിൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ത്വരിതഗതിയിൽ നടന്നുവരികയാണ്. ഇതിനുപുറമെ മത്സ്യവിപണനത്തിനുള്ള വാഹനങ്ങൾ, ഫിഷ് കിയോസ്കുകൾ, സീഫുഡ് റെസ്റ്റോറൻറുകൾ. ഐ.റ്റി.കിയോസ്കുകൾ, സൂപ്പർമാർക്കറ്റുകൾ എന്നീ സംരംഭങ്ങളും വിവിധ ജില്ലകളിലായി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. 'തീരമൈത്രി' എന്ന പൊതുനാമധേയത്തിലാണ് ഈ പദ്ധതി പ്രവർത്തനങ്ങൾ അറിയപ്പെടുന്നത്. |
| (ബി) പദ്ധതി പ്രകാരം എന്തെല്ലാം പ്രോജക്ടുകളാണ് ആരംഭിച്ചത് ; ഇവയുടെ പ്രവർത്തനം ആദായകരമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ ; | (ബി) സുനാമി അടിയന്തിര സഹായ പദ്ധതി/ സുനാമി പുനരധിവാസ പദ്ധതി, പ്രധാനമന്ത്രിയുടെ ദേശീയദുരിതാശ്വാസനിധി എന്നിവയിൽ നിന്നുള്ള ധനസഹായം പ്രകാരം അമ്പതോളം ചെറു പദ്ധതികളാണ് വിവിധ സർക്കാർ ഏജൻസികൾ മുഖേന നടപ്പാക്കിയത്. പ്രോജക്ടുകളെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ അനുബന്ധം - 1 ൽ കൊടുക്കുന്നു.<br>സുനാമി അടിയന്തിര സഹായ പദ്ധതി/ സുനാമി പുനരധിവാസ പദ്ധതി പ്രകാരമുള്ള ഉപപദ്ധതികളാണ് ഇപ്പോൾ പൂർത്തിയായി കഴിഞ്ഞിട്ടുള്ളത്. പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികളും പൂർത്തിയായി വരികയാണ്.<br>സുനാമി അടിയന്തിര സഹായ പദ്ധതി പ്രകാരം തീരദേശജനതയുടെ കൂട്ടായ്മയിലൂടെ ആരംഭിച്ച സൂപ്പർമാർക്കറ്റുകൾ ഉൾപ്പെടെയുള്ള സംരംഭങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച് ഒരു പ്രാഥമിക വിവരശേഖരണം നടത്തിയതിൽ ഇവയിൽ മിക്കതും പ്രവർത്തനക്ഷമമാണ്. ലാഭകരമായി പ്രവർത്തിക്കുന്നവയുടെ എണ്ണം പരിമിതമാണ്. എങ്കിലും യൂണിറ്റുകൾ |

| | |
|---|---|
| | ക്കാവശ്യമായ തുടർ സഹായവും വിൽപ്പനയ്ക്കാവശ്യമായ സൗകര്യവും ഏർപ്പെടുത്തിയാൽ മുഴുവൻ യൂണിറ്റുകളെയും ലാഭകരമാക്കാൻ കഴിയും. ഇതിലേക്കായി പഞ്ചായത്തുതലത്തിൽ തീരമൈത്രി മാനേജ്മെൻറ് കൗൺസിലുകൾ രൂപീകരിക്കാൻ അനുമതി നല്കിയിട്ടുണ്ട്. 'തീര മൈത്രി' പദ്ധതിയുടെ തുടർസഹായത്തിനായി 2010-11 ബഡ്ജറ്റിൽ തുക വക കൊള്ളിച്ചിട്ടുണ്ട്. |
| (സി) പദ്ധതി നടപ്പാക്കുന്നതിന് എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ; | (സി) സുനാമി അടിയന്തിര സഹായ പദ്ധതി പ്രകാരം ജീവനോപാധി സഹായ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഫിഷറീസ് വകുപ്പിന് 38.62 കോടി രൂപയും, സുനാമി പുനരധിവാസ പദ്ധതി നിർവ്വഹണത്തിന് 26 കോടി രൂപയും പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി പ്രകാരമുള്ള പദ്ധതികൾക്ക് 21.218 കോടി രൂപയുമാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്.<br><br>പദ്ധതി നിർവ്വഹണത്തിന് ചെലവഴിച്ച തുക താഴെകൊടുക്കുന്നു.<br>1. സുനാമി അടിയന്തിര സഹായ പദ്ധതി - 37.02 കോടി<br>2. സുനാമി പുനരധിവാസ പദ്ധതി - 17.32 കോടി<br>3. പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസനിധി - 7,87,43,440 രൂപ |
| (ഡി) മത്സ്യവിഭവങ്ങൾക്ക് പ്രാധാന്യം നൽകി ആരംഭിച്ച സീഫുഡ് കിച്ചണുകൾക്ക് ഫിഷറീസ് വകുപ്പ് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ; | (ഡി) മത്സ്യഫെഡ് മുഖേന നടപ്പാക്കിയിട്ടുള്ള പദ്ധതിയാണ് 'സീഫുഡ് കിച്ചണുകൾ'. രുചികരമായ മത്സ്യവിഭവങ്ങൾ വിൽപന നടത്തുന്ന റസ്റ്റോറൻറുകളായ സീ ഫുഡ് കിച്ചണുകൾ നടത്തുന്നതിന് തീരദേശത്തെ 10 വനിതകൾ അടങ്ങുന്ന ഗ്രൂപ്പുകൾക്കാണ് ധനസഹായം നൽകിയിട്ടുള്ളത്. 20 യൂണിറ്റുകൾ ലക്ഷ്യമിട്ടിരുന്നു എങ്കിലും 10 ഗ്രൂപ്പുകൾ മാത്രമാണ് പദ്ധതി ഏറ്റെടുക്കാൻ തയ്യാറായത്. ഈ പദ്ധതിയിൽ മൊത്തം 64.61 ലക്ഷം രൂപ ടീപ്പ് ധനസഹായമായി ഗ്രൂപ്പുകൾക്ക് അനുവദിച്ചു. തീരദേശത്തെ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടുന്ന 100 |

| | |
|---|---|
| | വനിതകൾക്ക് നേരിട്ടുള്ള പ്രയോജനം ലഭിക്കും. യൂണിറ്റൊന്നിന് 5.034 ലക്ഷം രൂപയാണ് ചെലവുവരുന്നത്. ഇതിൽ 4.03 ലക്ഷം രൂപ ടീപ്പിൽ നിന്നുള്ള ധനസഹായവും 75,000 രൂപ ബാങ്ക് ലോണും 25,000/- രൂപ ഗുണഭോക്തൃവിഹിതവുമാണ്. ധനസഹായത്തിനു പുറമെ രുചികരമായ മത്സ്യവിഭവങ്ങൾ തയ്യാറാക്കി വിപണനം നടത്തുന്നതിന് കേന്ദ്രഗവൺമെൻറ് സ്ഥാപനമായ ഐ.എഫ്.പി. യുടെ സഹായത്തോടെ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ കോവളത്തുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെൻറ് ആൻറ് കാറ്ററിംഗ് ടെക്നോളജി വഴിയും ഗുണഭോക്താക്കൾക്ക് ആവശ്യമായ പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. |
| (ഇ) പദ്ധതിയുടെ പ്രയോജനം എത്ര കുടുംബങ്ങൾക്ക് ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (ഇ) തീരദേശ മേഖലയിലെ ഏകദേശം അമ്പതിനായിരത്തോളം കുടുംബങ്ങൾക്കാണ് വിവിധ പദ്ധതികളിലൂടെയുള്ള നേരിട്ടുള്ള പ്രയോജനം ലഭിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട</u>
ചോദ്യം നമ്പർ: 630

31.03. 2010-ൽ മറുപടിയ്ക്ക്

## വനിതാ മത്സ്യത്തൊഴിലാളികൾക്ക് പലിശരഹിത വായ്പാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.കെ. പുരുഷോത്തമൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ.കെ.വി.അബ്ദുൾഖാദർ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) വനിതാ മത്സ്യത്തൊഴിലാളികൾക്ക് പലിശരഹിത വായ്പ നൽകുന്ന പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ പദ്ധതികൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദമാക്കുമോ, | ബി) വനിതാ മത്സ്യത്തൊഴിലാളികൾ പ്രവർത്തനമൂലധനത്തിനായി സ്വകാര്യ പണമിടപാടുകാരെ ആശ്രയിച്ചിരുന്ന സ്ഥാനത്ത് പലിശ രഹിത വായ്പാ പദ്ധതി നടപ്പിലാക്കിയതിനെ തുടർന്ന് ഇവരെ കടുത്ത ചൂഷണത്തിൽ നിന്ന് മോചിപ്പിക്കുവാനും അവരുടെ വരുമാനം വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. സ്വകാര്യ വ്യക്തിയിൽ നിന്ന് 1000/- രൂപയ്ക്ക് ഒരു ദിവസം 100 രൂപവരെ പലിശ നൽകിയാണ് മത്സ്യത്തൊഴിലാളി വനിതകൾ വായ്പ വാങ്ങിയിരുന്നത്. പലിശയിനത്തിൽ മുടക്കിയിരുന്ന തുക അവരുടെ വരുമാനത്തിൽ അധിക വർദ്ധനവായി ഇപ്പോൾ ലഭിക്കുന്നുണ്ട്. |
| സി) പദ്ധതിപ്രകാരം ഇതുവരെ എത്ര പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ട്; | സി) 28392 പേർക്ക്. |
| ഡി) വായ്പയുടെ തിരിച്ചടവ് കൃത്യമായി നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | ഡി) തിരിച്ചടവ് കൃത്യമായി നടക്കുന്നുണ്ട്. നാളിതുവരെ 14.20 കോടി രൂപ നൽകിയതിൽ 10.77 കോടി രൂപ തിരിച്ചടവ് ലഭിച്ചിട്ടുണ്ട്. |
| ഇ) ഇപ്പോൾ നൽകുന്ന വായ്പ തുക എത്രയാണ്; | ഇ) 5000/- രൂപ |
| എഫ്) വായ്പ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | എഫ്) 5000/- രൂപ വായ്പയെടുത്ത് കുടിശ്ശികയില്ലാതെ അടച്ചു തീർത്തവർക്ക് 10000/- രൂപ വീതം വായ്പ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം : 631 — 31.03.2010- ൽ മറുപടിക്ക്.

## പോലീസ് സേനാംഗങ്ങളുടെ ക്ഷേമത്തിനായി നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ<br>ശ്രീ. ടി. പി. കുഞ്ഞുണ്ണി<br>ശ്രീ. കെ. സി. കുഞ്ഞിരാമൻ<br>ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) പോലീസ് സേനാംഗങ്ങളുടെ ക്ഷേമത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | : (എ) പോലീസ് സേനാംഗങ്ങളുടെ ക്ഷേമത്തിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് :<br>i) പ്രൈവറ്റ് വെൽഫെയർ ഫണ്ട്.<br>ii) കെ.പി.ഡബ്ല്യൂ.എ. ഫണ്ട്.<br>iii) പോലീസ് ആശുപത്രികളും ഡിസ്പെൻസറികളും.<br>iv) ആശുപത്രിയിലെ ചികിത്സയ്ക്ക് റീ-ഇംപേഴ്സ്മെന്റ് സൗകര്യം.<br>v) സ്റ്റാഫ് കൗൺസിൽ മീറ്റിംഗുകൾ സംഘടിപ്പിക്കുക.<br>vi) പോലീസ് ക്ലബ്ബുകൾ, കമ്മ്യൂണിറ്റി സെന്ററുകൾ, ചിൽഡ്രൻസ് പാർക്കുകൾ, കളിസ്ഥലങ്ങൾ തുടങ്ങിയവ ഏർപ്പെടുത്തുക.<br>vii) കലാകായിക സാംസ്ക്കാരിക പരിപാടികൾ സംഘടിപ്പിക്കുക. |
| (ബി) പോലീസുകാരുടെ പ്രൊമോഷൻ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | : (ബി) ഉണ്ട്. |

(മറുപുറം)

| | |
|---|---|
| (സി) എങ്കിൽ വ്യക്തമാക്കുമോ ; | : (സി) ഈ സർക്കാർ നിലവിൽ വന്നശേഷം പുതിയ പോലീസ് സ്റ്റേഷനുകളും മറ്റും തുടങ്ങുന്നതിനായി സൃഷ്ടിച്ച പുതിയ തസ്തികകളിൽ പ്രൊമോഷൻ കൊണ്ട് നികത്താവുന്ന 391 തസ്തികകൾ ഉണ്ട്. ഇതു കൂടാതെ ലോക്കൽ പോലീസിൽ 15 വർഷം സേവനമനുഷ്ഠിച്ച പോലീസ് കോൺസ്റ്റബിൾമാർക്ക് ഹെഡ് കോൺസ്റ്റബിൾ ഗ്രേഡും, 23 വർഷം സേവനമനുഷ്ഠിച്ച ഹെഡ് കോൺസ്റ്റബിൾമാർക്ക് എ.എസ്.ഐ. ഗ്രേഡും 30 വർഷം സേവനമനുഷ്ഠിച്ച എ.എസ്.ഐ.മാർക്ക് എസ്.ഐ.ഗ്രേഡും നൽകാൻ ഉത്തരവായിട്ടുണ്ട്. |
| (ഡി) പോലീസ് സേനാംഗങ്ങൾക്കായി എന്തെങ്കിലും ആരോഗ്യ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | : (ഡി) 45 വയസ്സിന് മുകളിലുള്ള പോലീസ് ഉദ്യോഗസ്ഥന്മാർക്ക് വാർഷിക മെഡിക്കൽ പരിശോധന നടത്തുന്നതിലേയ്ക്കും, ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷന് സംസ്ഥാനത്തെ മുഴുവൻ പോലീസുദ്യോഗസ്ഥന്മാരുടെയും, ഹെൽത്ത് സർവ്വേ നടത്തുന്നതിലേയ്ക്കും ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) പോലീസുകാർക്കുള്ള ക്വാർട്ടേഴ്സ് സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | : (ഇ) പോലീസുകാർക്കുള്ള ക്വാർട്ടേഴ്സ് സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി MoPF പദ്ധതി പ്രകാരം 2011 ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സും, 451 അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സും നിർമ്മിച്ചു നൽകിയിട്ടുണ്ട്. കൂടാതെ ക്വാർട്ടേഴ്സുകളുടെ അറ്റകുറ്റപ്പണികളും കാലാകാലങ്ങളിൽ നടത്തിവരുന്നു. |

Bindu

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 632

31-3-2010 ൽ
മറുപടിയ്ക്ക്

ടൂറിസം മേഖലയിലെ മനുഷ്യവിഭവ ശേഷി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. കെ.എസ്. സലീഖ:<br>പ്രൊഫ. സി. രവീന്ദ്രനാഥ്:<br>ശ്രീ. സി.കെ.സദാശിവൻ:<br>ശ്രീ. എസ്. രാജേന്ദ്രൻ: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ടൂറിസം വ്യവസായവുമായി ബന്ധപ്പെട്ട മേഖലകളിലെ മനുഷ്യവിഭവശേഷി ഗുണമേന്മയുള്ളതാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | എ) ടൂറിസം മേഖലയിലെ സേവനദാതാക്കളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മയുള്ള സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനും വേണ്ടി ടൂറിസം വകുപ്പ് ലെറ്റ്സ് ലേൺ എന്ന ഒരു പരിശീലനപരിപാടിക്ക് രൂപം കൊടുത്തിട്ടുണ്ട്. കെ.ടി.ഡി.സിയിലെ മനുഷ്യവിഭവശേഷി ഗുണമേന്മയുള്ളതാക്കുന്നതിനുവേണ്ടി എല്ലാ ജീവനക്കാർക്കും പരിശീലനം നൽകുന്നതിന് സ്ഥിരം സംവിധാനമായി കെ.ടി.ഡി.സിയുടെ ഹെഡ് ഓഫീസിൽ ഒരു പരിശീലനകേന്ദ്രം ആരംഭിക്കുകയും എല്ലാ ജീവനക്കാർക്കും മുടങ്ങാതെ പരിശീലനം നല്കി വരികയും ചെയ്യുന്നുണ്ട്. |
| ബി) ഏതെല്ലാം മേഖലകളിൽ എത്ര ലക്ഷം പേരെ ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്; | ബി) ടൂറിസം മേഖലയിൽ സേവനദാതാക്കൾക്കും, വകുപ്പിലെ ജീവനക്കാർക്കുമായി അടുത്ത 3 വർഷം കൊണ്ട് 50000 പേർക്ക് പരിശീലനം നൽകുന്നതിനുള്ള പരിപാടിയാണ് വകുപ്പ് തയ്യാറാക്കിയിട്ടുള്ളത്. |
| സി) ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | സി) ഉണ്ട്. |

| | | | |
|---|---|---|---|
| ഡി) | ടൂറിസം എം.ഫിൽ കോഴ്സ് കിറ്റ്സിൽ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ ഏതുവരെയായി എന്നറിയിക്കുമോ ? | ഡി) | ഉണ്ട്; 2010-11 അധ്യയന വർഷത്തിൽ കിറ്റ്സിൽ എം.ഫിൽ ടൂറിസം കോഴ്സ് തുടങ്ങുന്നതിനുള്ള അപേക്ഷ കേരള യൂണിവേഴ്സിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റി അധികൃതർ ഇതിനായുള്ള പരിശോധനകൾ കിറ്റ്സിൽ പൂർത്തിയാക്കി റിപ്പോർട്ട് നൽകിയിട്ടുണ്ട്. കൂടാതെ എം.ഫിൽ ടൂറിസം കോഴ്സിന് വേണ്ട സിലബസ്സ് തയ്യാറാക്കി യൂണിവേഴ്സിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. കേരള യൂണിവേഴ്സിറ്റിയുടെ അംഗീകാരവും സർക്കാരിന്റെ അനുമതി പത്രവും ലഭിച്ചാൽ 2010-11 അധ്യയന വർഷത്തിൽ തന്നെ ടി കോഴ്സ് തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

Saraswathi

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട</u>
<u>ചോദ്യം നമ്പർ: 633</u>

<u>31.03. 2010-ൽ മറുപടിയ്ക്ക്</u>

## <u>മത്സ്യ തൊഴിൽ രംഗത്ത് വികസന ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്ന ഏജൻസികൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.പി.സി വിഷ്ണുനാഥ്<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) മത്സ്യതൊഴിൽ രംഗത്ത് വികസന ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ വകുപ്പുൾപ്പെടെ എത്ര സർക്കാർ ഏജൻസികൾ പ്രവർത്തിക്കുന്നു; അവ ഏതെല്ലാം; | എ) സർക്കാർ വകുപ്പ് ഉൾപ്പെടെ 6 സർക്കാർ ഏജൻസികൾ പ്രവർത്തിക്കുന്നു. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ്, സാഫ്, അഡാക്ക്, ഫിർമ എന്നിവയാണ് സർക്കാർ ഏജൻസികൾ |
| ബി) ഇവയോരോന്നും എന്തെല്ലാം പ്രവർത്തനം നടത്തുന്നു; | ബി) <u>സർക്കാർ വകുപ്പ്</u>: ഭവന നിർമ്മാണം, സമ്പാദ്യ സമാശ്വാസ പദ്ധതി, സൗജന്യ റേഷൻ, മത്സ്യകേരളം പദ്ധതി.<br><u>ക്ഷേമനിധി ബോർഡ്:</u> വാർദ്ധക്യകാല പെൻഷൻ/വിധവാ പെൻഷൻ, ഗ്രൂപ്പ് ഇൻഷ്വറൻസ്, മത്സ്യബന്ധന ഉപകരണ ഇൻഷ്വറൻസ് മുതലായവ (അനുബന്ധം I )<br><u>മത്സ്യഫെഡ്:</u> ഇൻഷ്വറൻസ്, മത്സ്യഫെഡ് ഇൻപുട്ട്, സെക്യൂരിറ്റി സ്കീം, പലിശരഹിത വായ്പാ പദ്ധതി, വനിതാ ബസ് സർവ്വീസ്, കമ്മ്യൂണിറ്റി പീലിംഗ് സെന്ററുകൾ മുതലായവ (അനുബന്ധം II )<br><u>സാഫ്:</u> മത്സ്യത്തൊഴിലാളി വനിതകൾക്ക് പുതിയ തൊഴിൽ പദ്ധതികൾ<br><u>അഡാക്ക്:</u> ഒരു നെല്ലും ഒരു മീനും പദ്ധതി, പൊക്കാളി പാടങ്ങളിലെ ചെമ്മീൻ കൃഷി, കല്ലുമ്മേക്കായ കൃഷി, തുടങ്ങിയവ (അനുബന്ധം III)<br><u>ഫിർമ:</u> അലങ്കാര മത്സ്യകൃഷി, അക്വാ ടെക്നോളജി പാർക്ക് |
| സി) ഇവയെ ഏകോപിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ; വ്യക്തമാക്കുമോ;<br><br>ഡി) ഈ ഏജൻസികളെ ഏകോപിപ്പിക്കുന്നത് എപ്രകാരമാണ്? | സി) യും ഡി) യും<br><br>ഫിഷറീസ് ഡയറക്ടറുടെ ഏകോപനത്തിലാണ് ഇവ ഇപ്പോൾ തന്നെ പ്രവർത്തിക്കുന്നത്. |

Girija Kumari
സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 634 — 31/03/2010-ൽ മറുപടിക്ക്

## കുറ്റമറ്റ ട്രാഫിക് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.രാജൻ.<br>ശ്രീ. വി.എസ്.സുനിൽ കുമാർ.<br>ശ്രീ. എ.കെ. ചന്ദ്രൻ.<br>ശ്രീമതി. ഇ.എസ്.ബിജി മോൾ.<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ. | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് കുറ്റമറ്റ ട്രാഫിക് സംവിധാനം നടപ്പിലാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | എ) ട്രാഫിക് സംവിധാനം മെച്ചപ്പെടുത്തുന്നതിനും, റോഡ് സുരക്ഷയ്ക്കായും പോലീസ് വകുപ്പ് വിവിധ പദ്ധതികൾ കൈക്കൊണ്ടിട്ടുണ്ട്.<br>ഹൈവേയിൽ അപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനും അപകടങ്ങൾ ഉണ്ടായാൽ അടിയന്തിര രക്ഷാ പ്രവർത്തനം നടത്തുന്നതിനുമായി, വിവിധ ജില്ലകളിലെ, അപകടനിരക്ക് കൂടിയ നാൽപ്പത്തൊന്ന് പ്രധാന ജംഗ്ഷനുകൾ കേന്ദ്രീകരിച്ച് മോഡൽ ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ ഹൈവേ ഓരങ്ങളിൽ സ്ഥിതിചെയ്യുന്ന സ്ക്കൂളുകളിൽ റോഡ് സേഫ്റ്റി ക്ളബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഗുരുതരമായ ട്രാഫിക് നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ ലൈസൻസും എഫ്.ഐ.ആർ-ന്റെ പകർപ്പും മറ്റും അതത് ആർ.ടി.ഒ. മാർക്ക്, ലൈസൻസ് റദ്ദു ചെയ്യുക തുടങ്ങിയ നടപടികൾക്കായി അയച്ചുകൊടുക്കുന്നതിനുള്ള നിർദ്ദേശം എല്ലാ ജില്ലാ പോലീസ് സൂപ്രണ്ട്/കമ്മീഷണർമാർക്കും നൽകിയിട്ടുണ്ട്. ഹൈവേ പട്രോൾ വാഹനങ്ങളിൽ പ്രത്യേക |

ട്രെയിനിംഗ് നൽകി ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. ടിപ്പർ ലോറി മുഖേന ഉണ്ടാകുന്ന അപകട നിയന്ത്രണത്തിനായി വ്യക്തമായ നിർദ്ദേശം ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും കമ്മീഷണർമാർക്കും ഇതിനകം നൽകിയിട്ടുണ്ട്.

കോവളം മുതൽ കൊല്ലം വരെയുള്ള ദേശീയ പാത അപകടവിമുക്ത മേഖല ആക്കുന്നതിനായി തിരുവനന്തപുരം റേഞ്ച് ഐ.ജി.പി.യുടെ അദ്ധ്യക്ഷതയിൽ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ വിവിധ സുരക്ഷാ ക്രമീകരണങ്ങൾ നടത്തുന്നതിനായി റോഡ് സുരക്ഷാ അതോറിറ്റി ഫണ്ടിൽ നിന്നും ഉപകരണങ്ങൾ വാങ്ങുന്നതിനായി പോലീസ് വകുപ്പിന് 355 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | സംസ്ഥാനത്ത് സിംക്രണൈസ്ഡ് ട്രാഫിക് എഡ്യൂക്കേഷൻ എക്സ്റ്റൻഷൻ പ്രോഗ്രാം നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രോഗ്രാമിൽ എന്തെല്ലാമാണുൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | ബി) | സംസ്ഥാനത്ത് സിംക്രണൈസ്ഡ് ട്രാഫിക് എഡ്യൂക്കേഷൻ എക്സ്റ്റൻഷൻ പ്രോഗ്രാം നിലവിലില്ല. |
| സി) | സംസ്ഥാനത്ത് പ്രീ-പെയ്ഡ് ഓട്ടോറിക്ഷാ ഹയറിംഗ് സമ്പ്രദായം എത്ര കേന്ദ്രങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്; കൂടുതൽ കേന്ദ്രങ്ങളിൽ പ്രസ്തുത സമ്പ്രദായം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ? | സി) | സംസ്ഥാനത്ത് 9 കേന്ദ്രങ്ങളിൽ പ്രീ- പെയ്ഡ് ഓട്ടോറിക്ഷാ ഹയറിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. 9 കേന്ദ്രങ്ങളുടെയും ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

(signature)

സെക്ഷൻ ഓഫീസർ.

അനുബന്ധം

| | ജില്ല | പ്രീപെയ്ഡ് ഓട്ടോറിക്ഷ ഹയറിംഗ് സമ്പ്രദായം നടപ്പിലാക്കിയ സ്ഥലങ്ങൾ |
|---|---|---|
| 1 | തിരുവനന്തപുരം | സെൻട്രൽ റെയിൽവേസ്റ്റേഷൻ |
| 2 | കൊല്ലം | റെയിൽവേസ്റ്റേഷൻ |
| 3 | ആലപ്പുഴ | റെയിൽവേസ്റ്റേഷൻ |
| 4 | എറണാകുളം | കല്ലൂർ ജംഗ്ഷൻ, റെയിൽവേ സ്റ്റേഷനുകൾ (നോർത്ത് & സൗത്ത് ) |
| 5 | പാലക്കാട് | K.S.R.T.C. Bus stand- ന് സമീപം ടൗൺ സൗത്ത് പോലീസ് സ്റ്റേഷൻ |
| 6 | കോഴിക്കോട് | റെയിൽവേസ്റ്റേഷൻ |
| 7 | കണ്ണൂർ | റെയിൽവേസ്റ്റേഷൻ |

തിരുവനന്തപുരം പേട്ട, കോട്ടയം എന്നീ റെയിൽവേസ്റ്റേഷനുകളിൽ പ്രീപെയ്ഡ് ഓട്ടോറിക്ഷ ഹയറിംഗ് സമ്പ്രദായം നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

Pankajakshi
Section Officer

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.635 — 31-3-2010-ന് മറുപടിക്ക്

## മുനിസിപ്പൽ കോർപ്പറേഷനുകളിലെ ഖരമാലിന്യ സംസ്ക്കരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.ബി.രാഘവൻ<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) മുനിസിപ്പൽ കോർപ്പറേഷനുകളിലെ ഖരമാലിന്യ സംസ്ക്കരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) സംസ്ഥാനത്തെ 5 കോർപ്പറേഷനുകളിൽ 4 എണ്ണത്തിലും മാലിന്യ സംസ്ക്കരണശാലകൾ സ്ഥാപിച്ചിട്ടുണ്ട്. നില വിലുള്ള സംവിധാനത്തെ മെച്ചപ്പെടുത്താനായി ഒരു സംയോജിത ഖരമാലിന്യ പദ്ധതി എല്ലാ കോർപ്പറേഷനുകളിലും കെ.എസ്.യു.ഡി.പി യുടെ മേൽനോട്ടത്തിൽ തയ്യാറാക്കി നടപ്പിലാക്കിവരുന്നു. |
| ബി) മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനും അവ ശേഖരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | ബി) കേന്ദ്രീകൃത സംസ്ക്കരണ സംവിധാനങ്ങളുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ മാലിന്യങ്ങൾ പൊതു സംവിധാനമെന്നതിനു പുറമേ വികേന്ദ്രീകൃതമായി പ്രധാന മാലിന്യ ഉറവിടങ്ങളായ വീടുകൾ, സ്ഥാപനങ്ങൾ തുടങ്ങിയ ഉത്ഭവ സ്ഥാനങ്ങളിൽ നിന്നും നേരിട്ട് ശേഖരിക്കുന്നതിനാണ് ഊന്നൽ നൽകുന്നത്. വിവിധ പദ്ധതികളിൽപ്പെടുത്തി മാലിന്യങ്ങൾ ശേഖരിക്കുന്നതിനും, ട്രാൻസ്പോർട്ട് ചെയ്യുന്നതിനും, സംസ്ക്കരിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും, മതിയായ സംവിധാനങ്ങൾ ഉണ്ടാക്കി പ്രവർത്തനം നടത്തുന്നതിന് ഊന്നൽ നൽകി വരുന്നു. |

..............2/-

| | | | |
|---|---|---|---|
| സി) | തൃശ്ശൂർ, കോഴിക്കോട്, കൊല്ലം നഗരസഭകളിൽ ഖരമാലിന്യ സംസ്ക്കരണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവിഷ്ക്കരിച്ച പദ്ധതികൾ പൂർത്തിയായിട്ടുണ്ടോ; | സി ) യും) ഡി ) യും) | കേരള സുസ്ഥിര നഗര വികസന പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ കോർപ്പറേഷനിൽ 'കേരള മുനിസിപ്പൽ ആക്ട് 1994, മുനിസിപ്പൽ ഖരമാലിന്യ ചട്ടം 2000' എന്നിവയ്ക്ക് അനുസൃതമായി നടപ്പാക്കുന്ന ഖരമാലിന്യ സംസ്കരണ പദ്ധതിയുടെ 13 പ്രവൃത്തികൾ ടെൻഡർ ചെയ്ത് ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന രാംകി എൻവിറോ എഞ്ചിനീയേഴ്സ് ലിമിറ്റഡ് ആന്റ് രാംകി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 492,39,711 രൂപ പ്രോബബിൾ എമൗണ്ട് ഓഫ് കോൺട്രാക്ട് (പി.എ.സി) വ്യവസ്ഥയിൽ കരാർ നൽകിയിട്ടുണ്ട്. കരാർ 2008 മാർച്ച് 6-ാം തീയതി ഒപ്പു വച്ചു. 2009 സെപ്റ്റംബർ 5-ന് കരാർ പ്രകാരം പണി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ കാലാവധി ആദ്യം 31-12-2009 ലേയ്ക്കും പിന്നീട് 30-4-2010-ലേയ്ക്കും ദീർഘിപ്പിച്ചു. ഇതിനകം 1,09,15,223 രൂപ ചെലവഴിച്ചു. ഇതുവരെയായി 25% പ്രവൃത്തി പൂർത്തീകരിച്ചു. ശേഷിച്ച പ്രവൃത്തി ഉടൻ പൂർത്തിയാക്കണമെന്ന് കരാറുകാരന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയിൽ താഴെ പ്പറയുന്ന പ്രധാന ഘടകങ്ങളാണ് ഉൾക്കൊള്ളി ച്ചിട്ടുള്ളത്. |
| ഡി) | ഇല്ലെങ്കിൽ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ? | | |

1. നിലവിലുള്ള ട്രെഞ്ചിങ് ഗ്രൗണ്ട് അഭിവൃദ്ധിപ്പെടുത്തൽ - 56 ലക്ഷം രൂപ
2. പുതിയ എഞ്ചിനിയേർഡ് ലാൻഡ്ഫിൽ നിർമ്മാണം - 13.8 ലക്ഷം രൂപ.
3. പുതിയ ലാൻഡ് ഫില്ലിംഗിന് ലൈനർ സ്ഥാപിക്കൽ - 64.81 ലക്ഷം രൂപ.
4. പാർക്കിംഗ് സൗകര്യത്തി )( നാവശമായ സംവിധാനങ്ങൾ)( 78 ലക്ഷം
5. ഗ്രീൻ ബെൽറ്റ് നിർമ്മാണം )( രൂപ.

............3/-

6. ലാൻഡ് ഫില്ലിലേയ്ക്കുള്ള റോഡ് നിർമ്മാണം - 35.47 ലക്ഷം രൂപ
7. ഡ്രെയിനേജ് നിർമ്മാണം-47.68 ലക്ഷം രൂപ
8. ലാൻഡിഫിൽ സൈറ്റ് വൈദ്യുതീകരണം - 22.66 ലക്ഷം രൂപ.
9. വെയ്ബ്രിഡ്ജ് നിർമ്മാണം - 12 ലക്ഷം രൂപ
10. ആറ് ഹെൽത്ത് സർക്കിളുകളിലായി സെക്കൻഡറി കളക്ഷൻ പോയിന്റ് നിർമ്മാണം - 16.57 ലക്ഷം രൂപ.
11. കമ്പോസ്റ്റ് നിർമാണത്തിനുതകുന്ന വിവിധ അളവുകളുള്ള അരിപ്പകൾ സ്ഥാപിച്ച് കമ്പോസ്റ്റ് പ്ലാന്റിന്റെ നവീകരണം. - 78.28 ലക്ഷം രൂപ
12. കമ്പോസ്റ്റ് പ്ലാന്റിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ - 44.38 ലക്ഷം രൂപ
13. ലീച്ചേറ്റ് ശുദ്ധീകരണ പ്ലാന്റിന്റെ നിർമ്മാണം 25 ലക്ഷം രൂപ.

ഖരമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ലാലൂരിലെ ട്രെഞ്ചിങ്ങ് ഗ്രൗണ്ടിന്റെ എല്ലാവിധ പോരായ്മകളും പരിഹരിക്കുന്നതിനുള്ള പ്രവൃത്തികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 4.5 ഹെക്ടർ സ്ഥലത്താണ് പ്രോജക്ട് നടപ്പാക്കുന്നത്. 30 ടി.പി.ഡി. മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള ശേഷി ഈ പ്രോജക്ട് വഴി വിഭാവനം ചെയ്യുന്നു.

കെ.എസ്.യു.ഡി.പി. പദ്ധതി പ്രകാരം ഖരമാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനും ശേഖരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 99,74,836 രൂപയുടെ വിവിധ നിക്ഷേപ ശേഖരണ ഉപകരണങ്ങൾ വാങ്ങുന്നതിന് കേരള ഇൻഡസ്ട്രിയൽ എന്റർപ്രൈസസുമായി കരാർ ഉടമ്പടി ഒപ്പുവെച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഇവ

....................4/-

ശേഖരിക്കുന്നതിനുവേണ്ടി 38 കവചിത ഓട്ടോകൾ 6425,160 രൂപ ചിലവിൽ വാങ്ങിയിട്ടുണ്ട്. ഇതിനു പുറമെ ശേഖരിച്ച മാലിന്യങ്ങൾ സംസ്ക്കരണ യൂണിറ്റിൽ എത്തിക്കുന്നതിന് 87,57,511 രൂപയുടെ കവചിത ഡമ്പർ കണ്ടെയ്നറുകളും വാഹനങ്ങളും വാങ്ങുന്നതിനുള്ള കരാർ ഉടമ്പടി സൂപ്പർ ഓട്ടോമോറ്റീവ് എൻജിനീയറിംഗ് വർക്ക്സുമായി ഒപ്പുവെച്ച് സപ്ലൈ ഓർഡർ നൽകി കഴിഞ്ഞു.

കെ.എസ്.യു.ഡി.പി. പദ്ധതി പ്രകാരം പണികൾ മുഴുവനും പൂർത്തിയായിട്ടില്ല. ലാൻഡ്ഫിൽ സംസ്കരണ കേന്ദ്രത്തിൽ വിവിധ ഘടകങ്ങളുടെ പണി 25 ശതമാനം പൂർത്തിയായി. ശേഷിച്ച പ്രവൃത്തികൾ നടന്നു വരികയാണ്.

കോഴിക്കോട് കോർപ്പറേഷനിൽ ഖരമാലിന്യ സംസ്കരണത്തിനായി കെ.എസ്.യു.ഡി.പി. 3,30,10,700 രൂപയുടെ പ്രവൃത്തികൾ ടെൻഡർ ചെയ്ത് നടത്തിവരികയാണ്. ഹൈദരാബാദിലെ രാംകി എൻവിരോ എഞ്ചിനിയേഴ്സ് ലിമിറ്റഡ് എന്ന കമ്പനിയാണ് കരാറുകാർ പ്രവൃത്തികളിൽ 65 ശതമാനം പൂർത്തിയായി.

<u>പ്രവൃത്തികളും നിർമ്മാണപുരോഗതിയും:</u>

1. ലാൻഡ്ഫിൽ നിർമ്മാണം - 100%
2. ഡ്രെയിൻ നിർമ്മാണം - 85%
3. എച്ച്.ഡി.പി.ഇ. ലൈനിങ്ങ് - 100%
4. റോഡ് പ്രവൃത്തി - 65%
5. കോമ്പൗണ്ട് വാൾ - 90%
6. ഗ്രീൻ ബെൽറ്റ് - 100%
7. വേ ബ്രിഡ്ജ് - 80%

ലീച്ചെറ്റ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവൃത്തി മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുവാദം നേടിയശേഷം തുടങ്ങുന്നതാണ്.

<u>പ്രവൃത്തികളും നിർമ്മാണ ചെലവും</u>

(തുക ലക്ഷത്തിൽ)

| പ്രവൃത്തി | കരാർ തുക | ഇതുവരെ ചെലവഴിച്ച തുക |
|---|---|---|
| 1 നിലവിലുള്ള ലാൻഡ്ഫിൽ സൈറ്റിന്റെ നവീകരണം | 106.83 | 106.83 |
| ഘട്ടം:1 | | |
| 2. വേ ബ്രിഡ്ജ് | 13.00 | 12.00 |
| 3. റോഡുകൾ | 26.84 | 15.00 |
| 4. ഡ്രെയിനേജ് | 95.28 | 73.50 |
| 5. ചുറ്റു മതിലും മറ്റും | 69.77 | 30.00 |
| അടങ്കൽ തുക | | |
| ഘട്ടം 2 | | |
| 1. കമ്പോസ്റ്റ് പ്ലാന്റ് | 17.30 | 0.00 |
| 2. ലീച്ചറ്റ് ട്രീറ്റമെന്റ് പ്ലാന്റ് | 32.50 | 0.00 |

കൊല്ലം നഗരസഭാ പ്രദേശത്ത് ഖരമാലിന്യ സംസ്കരണത്തിന് 'മുനിസിപ്പൽ ഖരമാലിന്യ നിയമം 2000' പ്രകാരം പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ 10 ഘടകങ്ങൾ ഉൾപ്പെട്ട വിപുലമായ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) 11-7-2009-ല ചേർന്ന കൗൺസിൽ യോഗം അംഗീകരിച്ചു.

പദ്ധതികൾ ഇവയാണ്:

1. കമ്പോസ്റ്റ് പ്ലാന്റ്
2. ലാൻഡ് ഫിൽ
3. അടിസ്ഥാന സൗകര്യം
4. പ്രാഥമിക ശേഖരണത്തിനുള്ള വാഹനങ്ങൾ
5. ദ്വിതല ശേഖരണത്തിനുള്ള വാഹനങ്ങൾ
6. കമ്പോസ്റ്റ് പ്ലാന്റ്, ലാൻഡ്ഫിൽ എന്നിവയ്ക്കാവശ്യമായ ഉപകരണങ്ങൾ, വാഹനങ്ങൾ
7. ബയോഗ്യാസ് പ്ലാന്റ് - തേവള്ളി

....................6/-

8. ബയോഗ്യാസ് പ്ലാന്റ് - മൂന്നാംകുറ്റി
9. ബയോഗ്യാസ് പ്ലാന്റ് - പള്ളിമുക്ക്
10. ബയോഗ്യാസ് പ്ലാന്റ് - ഇരവിപുരം

തേവള്ളിയിൽ ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നാംകുറ്റി, ഇരവിപുരം, എന്നിവിടങ്ങളിൽ മാർച്ച് 31 നകം നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കമ്പോസ്റ്റ് പ്ലാന്റിന്റെ ട്രയൽ റൺ ഏപ്രിൽ 30 നകം തുടങ്ങുന്നതാണ്.

<u>പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി:</u>

(തുക ലക്ഷത്തിൽ)

| പ്രവൃത്തി | കരാർ തുക | നിർമ്മാണ പുരോഗതി |
|---|---|---|
| ഖരമാലിന്യ സംസ്കരണം - കമ്പോസ്റ്റ് പ്ലാന്റ് | 47.90 | 52% |
| ഖരമാലിന്യ സംസ്കരണം - ലാൻഡ് ഫിൽ | 23.72 | 21% |
| ഖരമാലിന്യ സംസ്കരണം - അടിസ്ഥാന സൗകര്യ വികസനം | 28.90 | 95% |
| വാഹനങ്ങൾ - ഓട്ടോ, ടിപ്പർ | 11.12 | 100% |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 636

31.03.2010-ൽ മറുപടിയ്ക്ക്

തൊഴിലുറപ്പ് പദ്ധതി പ്രകാരം പണിയെടുക്കുന്നവർക്കുള്ള നഷ്ട പരിഹാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. എ.പി. അനിൽ കുമാർ:<br>ശ്രീ.കെ. ബാബു : | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ. തൊഴിലുറപ്പ് പദ്ധതിയിൽ ചേർന്ന് പ്രസ്തുത പദ്ധതി പ്രകാരം തൊഴിലിലേർപ്പെട്ടിട്ടുള്ളവർ മലിനജലം നിറഞ്ഞ പ്രദേശത്ത് പണിയെടുക്കുമ്പോൾ വരാവുന്ന രോഗങ്ങളെ പ്രതിരോധിക്കുവാൻ ആരോഗ്യ വകുപ്പു വഴി മരുന്നു കൊടുക്കുന്നുണ്ടോ ; | എ. ഉണ്ട് . |
| ബി. അവർ പണിയിൽ ഏർപ്പെടുമ്പോൾ അപകടമോ അസുഖമോ സംഭവിച്ചാൽ ഡോക്ടർ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ ധനസഹായം നൽകാൻ വ്യവസ്ഥയുണ്ടോ ; | ബി. പ്രത്യേക ധനസഹായം നൽകാൻ വ്യവസ്ഥയില്ല. എന്നാൽ പണിയിൽ ഏർപ്പെടുന്ന തൊഴിലാളിക്ക് അപകടമോ അസുഖമോ സംഭവിച്ചാൽ സൗജന്യമായി ചികിത്സ ഉറപ്പു നൽകുന്നുണ്ട്. മരുന്നിന്റെ വില, സർജറി ചെലവുകൾ, എക്സ്റേ, സ്കാനിംഗ്, ഇതിനോടനുബന്ധിച്ചുള്ള വാഹന ചെലവുകൾ എന്നിവ ആശുപത്രി ചെലവായി പരിഗണിക്കുന്നതാണ്. സർക്കാർ ആശുപത്രി ഇല്ലാത്ത സ്ഥലങ്ങളിൽ സ്വകാര്യ ആശുപത്രിയിലെ ചെലവും ആശുപത്രി ചെലവായി കണക്കാക്കുന്നതാണ്. അസുഖബാധിതരായി ആശുപത്രിയിൽ കഴിയുന്ന ദിവസങ്ങളിൽ പകുതി കൂലിക്കും അർഹതയുണ്ട്. എല്ലാ പണി സ്ഥലങ്ങളിലും പ്രാഥമിക വൈദ്യ സഹായം നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| സി. അവർ പണിയിൽ ഏർപ്പെടുമ്പോൾ അപകട മരണം സംഭവിച്ചാൽ നഷ്ടപരിഹാരം കൊടുക്കാൻ വ്യവസ്ഥയുണ്ടോ ? | സി. ഉണ്ട് . |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.637. 31.03.2010-ൽ മറുപടിക്ക്.

**ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പാക്കുന്നതിൽ തദ്ദേശസ്വയംഭരണവകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.രാജു എബ്രഹാം | ശ്രീ.പാലോളിമുഹമ്മദുകുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പാക്കുന്നതിൽ തദ്ദേശ സ്വയംഭരണവകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) നെല്ല്, പച്ചക്കറി, പാൽ, മുട്ട എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട്. തരിശ് നിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിനും പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ജനകീയാസൂത്രണം,ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവ സമന്വയിപ്പിച്ച് ത്രിതല പഞ്ചായത്തുകൾ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട്. |
| (ബി) തരിശിട്ടിരുന്ന ഭൂമി കൃഷി യോഗ്യമാക്കുന്നതിനും കൃഷി ചെയ്യാതെ കിടന്ന ഭൂമിയിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനും പഞ്ചായത്തുകളുടെ ഇട പെടൽമൂലംകഴിഞ്ഞി ട്ടുണ്ടോ; | (ബി) ഉണ്ട്. |

(സി) ഭക്ഷ്യസുരക്ഷാപദ്ധതിയിൽ കുടുംബശ്രീയുടെ പങ്ക് വ്യക്തമാക്കുമോ;

(സി) കുടുംബശ്രീ അംഗങ്ങൾക്ക് വരുമാനം ഉറപ്പാക്കുന്നതോടൊപ്പം ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കുടുംബശ്രീയുടെ സംഘകൃഷിപരിപാടി നടപ്പിലാക്കി വരുന്നത്. ഭക്ഷ്യസുരക്ഷാപദ്ധതിയിൽ കുടുംബശ്രീമുഖേന ഹരിതശ്രീ, സമഗ്ര പൈനാപ്പിൾ കൃഷി, ഹരിതം, ഹരിത മിത്ര തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

(ഡി) സംഘകൃഷി പ്രോത്സാഹി പ്പിക്കുന്നതിന് പഞ്ചായ ത്തുകൾ പദ്ധതി ആവി ഷ്കരിക്കുമോ?

(ഡി) കുടുംബശ്രീ യൂണിറ്റുകളുടേയും പാട ശേഖരസമിതികളുടേയും നേതൃത്വത്തി ലുള്ളകൂട്ടുകൃഷി ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കി വരുന്നതിന്റെ ഭാഗമായി കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രദേശത്തെസംബന്ധിച്ചുള്ള വ്യക്തമായ സ്ഥിതിവിവരകണക്കുകളുടെ അടിസ്ഥാ നത്തിൽ കർഷകർക്ക്/കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകാൻ ഉദ്ദേശിക്കുന്ന ഉല്പാദനോപാധികളുടേയും സേവന ങ്ങളുടേയും പാക്കേജ് തയ്യാറാക്കി ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും, വിത്ത്, വളം, കീടനാശിനികൾ തുടങ്ങിയ ഉല്പാദനോപാധികളും, പമ്പ് സെറ്റുകൾ, സ്പ്രേയറുകൾ തുടങ്ങിയ കാർഷിക യന്ത്രങ്ങളും, കുടുംബശ്രീ യൂണിറ്റു കൾക്കും കർഷക തൊഴിലാളി

സംഘങ്ങൾക്കും പൊതു വിഭാഗത്തിന്
നിശ്ചയിച്ചിട്ടുള്ള സബ്സിഡി നിരക്ക്
പ്രകാരം അനുവദിക്കുകയും ചെയ്യുന്നു.

സെക്ഷൻഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 638

31-03-2010 ൽ മറുപടിക്ക്

## രജിസ്ട്രേഷൻ ഫീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി<br>,, പി.കെ. അബ്ദുറബ്ബ്. | ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ആധാരമെഴുത്തുകാർക്കുള്ള പെൻഷൻ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; എന്നത്തേക്ക് പദ്ധതി നടപ്പാക്കാനാകും എന്ന് വ്യക്തമാക്കുമോ; | (എ) ടി വിഷയം ഇപ്പോൾ പരിശോധനാഘട്ടത്തിലാണ്. |
| (ബി) ആധാരമെഴുത്തുകാരുടെ ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം; | (ബി) ആധാരമെഴുത്തുകാരുടെ ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ട്. നിശ്ചിത ശതമാനത്തിലുള്ള വർദ്ധനവല്ലവരുത്തിയിട്ടുള്ളത്. ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ഉൾക്കൊള്ളിക്കുന്നു. |
| (സി) ഗ്രാമപ്രദേശത്ത് പോലും ഒരു സെന്റ് ഭൂമിക്ക് വൻവില ഉള്ള സാഹചര്യത്തിൽ വീടുവയ്ക്കാൻ 5 സെന്റ് ഭൂമിവാങ്ങുന്ന ഒരാൾ രജിസ്ട്രേഷൻ ഫീസും - എഴുത്ത് കൂലിയുമായി വൻതുക നൽകേണ്ടി വരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;<br>(ഡി) എങ്കിൽ വീടുവയ്ക്കാൻ അഞ്ച് സെന്റ് ഭൂമി വരെ വാങ്ങുന്ന ആളുകൾക്ക് രജിസ്ട്രേഷൻ ഫീസിനത്തിൽ ഇളവ് നൽകുന്നകാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (സി) യും (ഡി) യും<br>രജിസ്ട്രേഷൻ ഫീസിനത്തിൽ ഇളവ് നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ-- പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 639 | 31-03-2010- ൽ മറുപടിയ്ക്ക്

## മത്സ്യകൃഷിക്ക് ഉപയോഗിക്കുന്ന ജലാശയങ്ങൾ

ചോദ്യം | മറുപടി

ശ്രീ.പി.സി.വിഷ്ണുനാഥ് :
ശ്രീ.എ.പി.അനിൽകുമാർ :
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ഏതെല്ലാം ഗണത്തിൽപ്പെടുന്ന ജലാശയങ്ങൾ ആണ് മത്സ്യകൃഷിക്ക് വേണ്ടി പാട്ടത്തിനു നൽകാൻ ഉദ്ദേശിക്കുന്നത് ; | (എ) 11-1-1995 -ലെ (സാധാ)17/95/മതുവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ വരുന്ന കുളങ്ങളാണ് ഇപ്പോൾ മത്സ്യകൃഷിക്കായി പാട്ടത്തിന് നല്കുന്നത്. പൊതുജലാശയങ്ങൾ പാട്ടത്തിനു നല്കുന്നതിലേക്കുള്ള ഫിഷറീസ് ലീസിംഗ് പോളിസിയുടെ കരട് തയ്യാറാക്കുന്നതിന് ഡോ.എം.എൻ.കുട്ടി ചെയർമാനായി 11 അംഗ സമിതി രൂപവത്കരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭിച്ചശേഷം പരിശോധിച്ച് അനുയോജ്യമായ നടപടി സ്വീകരിക്കാൻ കഴിയും. |
| (ബി) എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് ഇങ്ങനെ പാട്ടത്തിന് കൊടുക്കുന്നത് ; ലേലം വിളിച്ചാണോ ഇവ പാട്ടത്തിന് കൊടുക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | (ബി) സർക്കാരിൻെറ അധീനതയിലുള്ള ഓരു ജലാശയങ്ങൾ ദീർഘനാൾ പാട്ടത്തിനു നല്കുമ്പോൾ, മത്സ്യത്തൊഴിലാളി വിധവകൾക്കും, ചെറുകിട കർഷകർക്കും, പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്കും വിമുക്തഭടന്മാർക്കും പാട്ട കാലാവധി 5 വർഷവും സഹകരണ സംഘങ്ങൾക്കും ചെറുകിട സംരംഭകർക്കും ഇടത്തരം സംരംഭകർക്കും 10 വർഷവും, സർക്കാർ ഏജൻസികളുമായോ സർക്കാർ വകുപ്പുകളുമായോ സംയുക്ത സംരംഭത്തിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് 25 വർഷവുമാണ് പാട്ട കാലാവധി നിശ്ചയിച്ചിരിക്കുന്നത്. സർക്കാരിൻെറ അധീനതയിലുള്ള ശുദ്ധ ജലാശയങ്ങൾക്ക് പാട്ട കാലാവധി 10 വർഷം വരെയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻെറ അധീനതയിൽ ഉള്ള കുളങ്ങൾ ലേലംവിളിച്ച് നല്കാറുണ്ട്. ഫിഷറീസ് വകുപ്പിൻെറ ഫാമുകൾ വാർഷിക ഫീസ് ഈടാക്കി മത്സ്യഫെഡിനും നല്കിയിട്ടുണ്ട്. |

| | |
|---|---|
| (സി) മത്സ്യബന്ധനം കുലത്തൊഴിലാക്കിയവർ ഇന്ന് സ്വതന്ത്രമായി മത്സ്യബന്ധനം നടത്തുന്നുണ്ടോ ; ജലാശയങ്ങൾ പാട്ടത്തിന് കൊടുക്കുമ്പോൾ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് എന്തെല്ലാം പരിരക്ഷ നൽകാൻ ഉദ്ദേശിക്കുന്നു ; | (സി) പൊതുജലാശയങ്ങളിൽ മത്സ്യബന്ധനം നടത്തുന്നതിന് തടസ്സമില്ല. ജലാശയങ്ങൾ പാട്ടത്തിന് നല്കുമ്പോൾ മത്സ്യബന്ധനം കുലത്തൊഴിലാക്കിയവർക്ക് മുൻഗണന നല്കാൻ ശ്രദ്ധിക്കുന്നുണ്ട്. കൂടാതെ എല്ലാ വിഭാഗത്തിൽപ്പെട്ട അർഹരായ മത്സ്യകർഷകർക്കും വിദഗ്ദ്ധ പരിശീലനവും സൗജന്യമായി മത്സ്യകുഞ്ഞുങ്ങളും തീറ്റയും കുളം നവീകരണത്തിനുള്ള സാമ്പത്തിക സഹായവും നല്കുന്നുണ്ട്. |
| (ഡി) മത്സ്യബന്ധനം ജീവിതോപാധിയായി സ്വീകരിച്ചവർക്ക് സ്വതന്ത്ര മത്സ്യബന്ധനം നടത്തുന്ന കാര്യത്തിൽ എന്തെല്ലാം പരിരക്ഷ നൽകുമെന്ന് വ്യക്തമാക്കുമോ ? | (ഡി) പൊതുജലാശയങ്ങൾ പാട്ടത്തിന് നല്കുമ്പോൾ മത്സ്യബന്ധനം ജീവനോപാധിയായി സ്വീകരിച്ചവർക്ക് സ്വതന്ത്ര മത്സ്യബന്ധനം നടത്തുന്നതിന് പരിരക്ഷ നല്കുന്നത് സംബന്ധിച്ച കാര്യങ്ങൾ ശ്രീ.എം.എൻ.കുട്ടി അദ്ധ്യക്ഷനായുള്ള സമിതിയുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം പരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 640 — 31-3-2010-ൽ മറുപടിക്ക്

### കെട്ടിടനിർമ്മാണ വ്യവസ്ഥകൾ

**ചോദ്യം**

ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ബി. രാഘവൻ :
ശ്രീ. കെ. സി. രാജഗോപാലൻ :

(എ) അംഗീകൃത ലൈസൻസികൾ സാക്ഷ്യപ്പെടുത്തിയ പ്ലാനുകൾ കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കണമെന്നുള്ള വ്യവസ്ഥയിൽ നിന്നും ചെറു ഭവനങ്ങൾ നിർമ്മിക്കുന്നവരെ ഒഴിവാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

**ഉത്തരം**

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി
(തദ്ദേശ സ്വയംഭരണവും
ഗ്രാമവികസനവും വകുപ്പ് മന്ത്രി)

(എ) ഉണ്ട്, സാമ്പത്തികമായി ദുർബലരായ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള അംഗീകൃത സ്കീമുകൾ പ്രകാരം വ്യക്തികൾ തന്നെ നിർമ്മിക്കുന്ന ഭവനങ്ങൾക്കും, കുടിലുകൾക്കും കെട്ടിട നിർമ്മാണാനുമതി തേടികൊണ്ട് നൽകുന്ന അപേക്ഷയോടൊപ്പം അംഗീകൃത ലൈസൻസികൾ സാക്ഷ്യപ്പെടുത്തിയ പ്ലാനുകൾ നൽകേണ്ടതില്ല.

കൂടാതെ പട്ടിക വർഗ്ഗത്തിൽപ്പെടുന്നവർക്ക് അവരുടെ പരമ്പരാഗതമായ സ്ഥലത്ത് നിർമ്മാണം നടത്തുന്നതിന് കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം ബാധകമാക്കുന്നത് വരെ പ്ലാൻ തയ്യാറാക്കി സമർപ്പിക്കേണ്ടതില്ലായെ

തുടർച്ച ..2..

ന്നും, 60. ച. മീ. വരെ പ്ലിന്ത് ഏരിയായുള്ള എല്ലാ വിഭാഗം വീടുകൾക്കും ലൈസൻസ്ഡ് എഞ്ചിനീയർ/സൂപ്പർ വൈസർ തയ്യാറാക്കി സർട്ടിഫൈ ചെയ്തിട്ടുള്ള പ്ലാനുകൾ സമർപ്പിക്കേണ്ടതില്ലായെന്നും 3-1-2008 ലെ 74169/RD2/07/തസ്വഭവ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇ. എം. എസ്. ഭവനനിർമ്മാണ പദ്ധതി പ്രകാരം അനുവദിക്കുന്ന വീടുകൾ വസ്തുവിന്റെ കൈവശാവകാശ രേഖയുടെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | സർക്കാരിന്റെയോ, പഞ്ചായത്തിന്റെയോ ഭവന നിർമ്മാണ സ്കീമനുസരിച്ച് വീട് നിർമ്മിക്കുന്നതിന് ഭവന വായ്പ ലഭിച്ചവർക്കും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച കൈവശാവകാശ രേഖയുള്ള പക്ഷം അവ പരിഗണിച്ച് 60 . ച. മീറ്ററിൽ താഴെ പ്ലിന്ത് ഏരിയായിലുള്ള വീട് നിർമ്മിക്കുന്നതിന് നിർമ്മാണാനുമതി നൽകുന്നതിന് 3-1-2008 ലെ മേൽ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇ. എം. എസ്. സമ്പൂർണ്ണ ഭവന പദ്ധതി പരിഷ്ക്കരിച്ച മാർഗ്ഗ രേഖയിൽ സർക്കാർ ഭൂമികളിൽ താമസിച്ചു വരുന്നതും, റവന്യൂ |

തുടർച്ച...3..

വകുപ്പിന്റെ കൈവശ രേഖ ലഭിച്ചിട്ടുള്ള കുടുംബങ്ങൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ വീട് നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിന് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) വീട് നിർമ്മാണത്തിന് അപേക്ഷിക്കുമ്പോൾ പ്ലാൻ സമർപ്പിക്കുന്നതിൽ നിന്ന് ആരെയെല്ലാമാണ് ഒഴിവാക്കിയിട്ടുള്ളത് ;

(സി) കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം കെട്ടിട നിർമ്മാണാനുമതിയ്ക്കായുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ പ്ലാൻ സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ സാമ്പത്തികമായി അവശരായ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള അംഗീകൃത സ്കീമുകൾ പ്രകാരം വ്യക്തികൾ തന്നെ നിർമ്മിക്കുന്ന ഭവനങ്ങൾക്കും, കുടിലുകൾക്കും അംഗീകൃത ലൈസൻസികൾ സാക്ഷ്യപ്പെടുത്തിയ പ്ലാനുകൾ കെട്ടിട നിർമ്മാണാപേക്ഷയോടൊപ്പം സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തുന്ന കെട്ടിട നിർമ്മാണങ്ങൾക്കുള്ള പ്ലാനുകളും, രജിസ്റ്റേർഡ് ആർക്കിടെക്ക്, ബിൽഡിംഗ് ഡിസൈനർ, എഞ്ചിനീയർ, സൂപ്പർവൈസർ തുടങ്ങിയവർ സാക്ഷ്യപ്പെടുത്തേണ്ടതില്ല. പട്ടിക വർഗ്ഗത്തിൽപ്പെടുന്നവർക്ക് അവരുടെ പരമ്പ

തുടർച്ച ..4...

രാഗതമായ സ്ഥലത്ത് നിർമ്മാണം നടത്തുന്നതിന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം ബാധകമാക്കുന്നത് വരെ പ്ലാൻ തയ്യാറാക്കി സമർപ്പിക്കേണ്ടതില്ലായെന്നും, 60 ച.മീറ്റർ വരെ പ്ലാന്റ് ഏരിയായുള്ള എല്ലാ വിഭാഗം വീടുകൾക്കും ലൈസൻസ്ഡ് എഞ്ചിനീയർ/സൂപ്പർവൈസർ തയ്യാറാക്കി സർട്ടിഫൈ ചെയ്തിട്ടുള്ള പ്ലാനുകൾ സമർപ്പിക്കേണ്ടതില്ലായെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) വൈദ്യുതി, റേഷൻ കാർഡ് എന്നീ ആവശ്യങ്ങൾക്കായി താൽക്കാലിക വീട്ടുനമ്പർ നൽകുന്നത് ഏതെല്ലാം വിഭാഗങ്ങൾക്കാണെന്ന് വ്യക്തമാക്കുമോ ?

(ഡി) സംസ്ഥാനത്തെ നഗര പ്രദേശങ്ങളിലും ഗ്രാമ പ്രദേശങ്ങളിലും പുറമ്പോക്ക് ഭൂമിയിൽ കുടിൽ കെട്ടി താമസിക്കുന്നവർക്കും, തീരപ്രദേശത്ത് താമസിക്കുന്നവർക്കും താത്കാലിക വീട്ടു നമ്പർ നൽകാൻ 10/8/09 ലെ 48297/ആർ.എ.1/09/തസ്വഭവ സർക്കുലർ, 10/8/2009 ലെ 48296/ആർ.എ.1/09/തസ്വഭവ സർക്കുലർ എന്നിവ പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 641

31-3-2010 ൽ
മറുപടിയ്ക്ക്

## കുറഞ്ഞ ചെലവിൽ കേരളം കാണാൻ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോർജ്ജ് എം. തോമസ്:<br>ശ്രീ. രാജു എബ്രഹാം:<br>ശ്രീ. കെ.കെ. ജയചന്ദ്രൻ:<br>ശ്രീ. സി.കെ.പി. പത്മനാഭൻ: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ കേരളം കാണുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;<br><br>ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | എ) & ബി) ഉണ്ട്; കേരളത്തിലെ ഓഫ് സീസൺ ആയ ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ തദ്ദേശടൂറിസ്റ്റുകൾക്ക് കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനായി ടൂറിസം വകുപ്പ് 'കേരളം കാണാം' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ, കേരളത്തിനകത്തും പുറത്തുമുള്ള മലയാളി കുടുംബങ്ങൾ, പ്രവാസി മലയാളികൾ, ആഭ്യന്തര ടൂറിസ്റ്റുകൾ, യുവാക്കൾ, വിദ്യാർത്ഥികൾ എന്നിവർക്ക് കേരളത്തിലെ കൂടുതൽ പ്രശസ്തമല്ലാത്തതും സാദ്ധ്യതയുള്ളതുമായ ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ചും അവയുടെ സംസ്കാരത്തെക്കുറിച്ചും കൂടുതൽ മനസ്സിലാക്കിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെ കെ.ടി.ഡി.സി. പുതിയതായി നടപ്പിലാക്കിയ പാക്കേജ് ടൂറാണ് ''ഡിസ്കവർ കേരള''. യുവാക്കൾക്കും, വിദ്യാർത്ഥികൾക്കും പ്രത്യേകിച്ച് കേരളത്തിനു പുറത്തുള്ള ഇന്ത്യാക്കാർക്കും വിദേശത്തു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കുടുംബത്തോടൊപ്പം സന്ദർശിച്ച് കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക എന്നതാണ് ഈ പാക്കേജ് ടൂറിന്റെ പ്രധാന ലക്ഷ്യം. |

കേരളത്തിന്റെ വടക്കൻ മേഖലകളെ ബന്ധിപ്പിച്ചുകൊണ്ട് ഉത്തരായനം എന്ന പേരിലും തെക്കൻ ജില്ലകളെ ബന്ധിപ്പിച്ചുകൊണ്ട് ദക്ഷിണായനം എന്ന പേരിലും കേരളമാകമാനം ബന്ധപ്പെടുത്തി സുന്ദരകേരളമെന്ന പേരിലുമായി മൂന്നു പാക്കേജുകളാണ് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്.

മേൽപ്പറഞ്ഞ പാക്കേജുകൾ 5 ദിവസം മുതൽ 13 ദിവസം വരെ ദൈർഘ്യമുള്ളവയാണ്. ടൂറിസ്റ്റുകൾക്ക് അവരുടെ സൗകര്യപ്രദമായ രീതിയിൽ പാക്കേജ് ദിവസങ്ങളിലും പുറപ്പെടുന്ന ദിവസങ്ങളിലും മാറ്റം വരുത്താവുന്നതാണ്. കെ.ടി.ഡി.സിയുടെ വിവിധ ടാമറിന്റ് ഈസി ഹോട്ടലുകളിലും ബഡ്ജറ്റ് ഹോട്ടലുകളിലുമാണ് താമസ സൗകര്യം ഒരുക്കിയിരിക്കുന്നത്. ഒരാൾക്ക് ഒരു ദിവസത്തെ പ്രഭാത ഭക്ഷണവും എ.സി. റൂമിലെ താമസവും അവയുടെ നികുതിയും ഉൾപ്പെടെ 675/- രൂപ മാത്രമാണ് നിരക്ക്. സ്വന്തം വാഹനങ്ങൾ ഉപയോഗിക്കാം എന്നുള്ളതാണ് ഈ പാക്കേജുകളുടെ പ്രത്യേകത. 5,000/- രൂപ മുതൽ 15,000/- രൂപ വരെയുള്ള വിവിധ പാക്കേജുകൾ ലഭ്യമാണ്. ഈ പാക്കേജുകൾ കുറഞ്ഞത് മൂന്നു രാത്രി ഉൾക്കൊള്ളുന്നതായിരിക്കണം.

| | | |
|---|---|---|
| സി) | പ്രസ്തുത പദ്ധതിയോടുള്ള ജനങ്ങളുടെ പ്രതികരണം വ്യക്തമാക്കുമോ; | സി) ഇതുവരെ നല്ല പ്രതികരണമാണ് ലഭിച്ചത്. |
| ഡി) | പ്രസ്തുത പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ ? | ഡി) ഉണ്ട്. |

Sreevasthy

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 642 31-03-2010- ൽ മറുപടിയ്ക്ക്

## ഫിഷറീസ് പാക്കേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.അജിത് :<br>ശ്രീ.എൻ.അനിരുദ്ധൻ :<br>ശ്രീ.കെ.രാജു :<br>ശ്രീ.ബാബു പോൾ :<br>ശ്രീ.രാജാജി മാത്യു തോമസ് : | ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) കർഷകർക്ക് അധിക വരുമാനം ലഭ്യമാക്കുന്ന ഫിഷറീസ് പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പാക്കേജ് എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) ഉണ്ട്. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യകർഷകർക്കും/മത്സ്യത്തൊഴിലാളികൾക്കും അധിക വരുമാനം ലഭ്യമാക്കുന്നതിന് സർക്കാർ 1000 ലക്ഷം രൂപയുടെ ഫിഷറീസ് പാക്കേജ് നടപ്പിലാക്കി വരുന്നു. നാലുഘടകങ്ങളാണ് ഈ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അവ താഴെ കൊടുക്കുന്നു.<br>1) ശീതീകരണ സംഭരണ യൂണിറ്റ്<br>2) ജീവനോപാധി സഹായം<br>3) വിപണന സഹായം<br>4) മൂല്യവർദ്ധിത യൂണിറ്റുകൾ<br>കൂടാതെ RKVY, വിദർഭ പാക്കേജ്, കുട്ടനാട് പാക്കേജ്, മത്സ്യകേരളം എന്നീ പദ്ധതികളും കർഷകർക്ക് അധികവരുമാനം ലഭ്യമാക്കുന്ന മറ്റ് പ്രധാന പദ്ധതികളാണ്. |

| | |
|---|---|
| (ബി) പ്രസ്തുത പാക്കേജിനായി ആകെ എത്ര തുക വകയിരുത്തിയിട്ടുണ്ട് ; ഇതിനകം എത്ര തുക ചെലവാക്കിയെന്ന് വ്യക്തമാക്കുമോ ; | (ബി) പ്രസ്തുത പാക്കേജിനായി 10 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 6 കോടി രൂപ അനുവദിച്ചുനല്കിയിട്ടുണ്ട്. RKVY പദ്ധതിക്ക് ഏകദേശം 756 ലക്ഷം രൂപയും, വിദർഭ പാക്കേജിന് 333 ലക്ഷം രൂപയും കുട്ടനാട് പാക്കേജിന് 492.37 ലക്ഷം രൂപയും മത്സ്യകേരളം പദ്ധതിക്ക് 24 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (സി) ഇതുമൂലം എത്ര കർഷകർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) പ്രസ്തുത പദ്ധതികൾമൂലം കേരളത്തിൽ ഏകദേശം 58000 -ൽപരം കർഷകർക്ക് പ്രയോജനം ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 643** | **31.03.2010 ൽ മറുപടിയ്ക്ക്**

## സർക്കാർ സ്കൂളുകളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ടി. ജലീൽ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ,<br>ശ്രീ.എം.ജെ.ജേക്കബ് | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനുമായി തദ്ദേശസ്വയംഭരണ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ ഇത് തൃപ്തികരമാണോ യെന്ന് വെളിപ്പെടുത്തുമോ; | (എ) സർക്കാർ സ്കൂളുകളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാറുണ്ട്. |
| (ബി) സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ വെക്കേഷൻ കാലയളവിൽ പൂർത്തിയാക്കുന്നതിന് കാലേക്കൂട്ടി നടപടി സ്വീകരിക്കുമോ; | (ബി) അറ്റകുറ്റപ്പണികൾ മേയ് മാസം അവസാനിക്കുന്നതിന് മുമ്പ് തന്നെ പൂർത്തിയാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) അപകടാവസ്ഥയിലുള്ള കെട്ടിടങ്ങളും ഷെഡ്ഡുകളും പുനർ നിർമ്മിക്കുന്നതിന് പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇവയ്ക്കുള്ള തുക അനുവദിച്ചുകിട്ടിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചു നൽകുന്ന മെയിന്റനൻസ് ഫണ്ട് , ജനറൽ പർപ്പസ് ഫണ്ട് തുടങ്ങിയവ ഉപയോഗിച്ചാണ് സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നത്. കൂടുതൽ ഫണ്ട് ആവശ്യമായ പുതിയ കെട്ടിട നിർമ്മാണത്തിന് എം.എൽ.എ./ എം.പി/എസ്.എസ്.എ തുടങ്ങിയ ഫണ്ടു |

കളാണ് സാധാരണയായി ഉപയോഗപ്പെ ടുത്തുന്നത്. സ്കൂൾ കെട്ടിടങ്ങളും ഷെഡുകളും പുനർ നിർമ്മിക്കുന്ന തിനുള്ള പദ്ധതികൾക്ക് മതിയായ തുക കണ്ടെത്തുന്നതിനുള്ള നടപടികൾ ബന്ധ പ്പെട്ട അധികാരികൾ കൈക്കൊള്ളു ന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 644

31.03. 2010-ൽ മറുപടിയ്ക്ക്

മത്സ്യമേഖലയിൽ മാന്ദ്യ വിരുദ്ധ പാക്കേജ്

ചോദ്യം

ശ്രീ. സി.കെ. സദാശിവൻ
ശ്രീ.കെ.വി. അബ്ദുൾഖാദർ
ശ്രീ.പി.പി. അബ്ദുള്ളക്കുട്ടി
ശ്രീ.പി. ജയരാജൻ
ശ്രീ. എ. പ്രദീപ്കുമാർ

മറുപടി

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

എ) ആഗോള സാമ്പത്തിക മാന്ദ്യം മത്സ്യമേഖലയെ എന്തുമാത്രം ദോഷകരമായി ബാധിച്ചു എന്നു വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

എ) വിലയിരുത്തിയിട്ടുണ്ട്. 2007-08 സാമ്പത്തിക വർഷം കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്ന കയറ്റുമതി 100318 ടൺ ആയിരുന്നു. 2008-09 സാമ്പത്തിക വർഷം കയറ്റുമതി 100780 ടൺ ആയി വർദ്ധിക്കുകയുണ്ടായി. അതായത് കേരളത്തിൽ നിന്നുള്ള കയറ്റുമതിയിൽ 16.72% വർദ്ധനവ് ആണ് ഉണ്ടായിട്ടുള്ളത്. 2007-08-ൽ കേരളത്തിൽ നിന്നുള്ള കയറ്റുമതി മൂല്യം 143094 ലക്ഷം രൂപയും 2008-09-ൽ 157218 ലക്ഷം രൂപയുമായിരുന്നു. അതായതു മൂല്യത്തിൽ 18.26% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇത് കേരളത്തിലെ സമുദ്രോല്പന്ന കയറ്റുമതിയെ ആഗോള സാമ്പത്തിക മാന്ദ്യം ദോഷകരമായി ബാധിച്ചിട്ടില്ല എന്നാണ് കാണിക്കുന്നത്.

ബി) മത്സ്യമേഖലയിൽ മാന്ദ്യ വിരുദ്ധ പാക്കേജ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

ബി) ഉണ്ട്. ആഗോള സാമ്പത്തിക തകർച്ച മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ജീവനോപാധിയെ ബാധിക്കാതിരിക്കുന്നതിനായി സർക്കാർ 1000 ലക്ഷം രൂപയാണ് ഫിഷറീസ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പദ്ധതി മത്സ്യത്തൊഴിലാളികളുടെ വരുമാന വർദ്ധനവിന് ഉദ്ദേശിച്ചിട്ടുള്ളതാണ്. നാല് ഘടകങ്ങളാണ് പദ്ധതിയിലുള്ളത്.

| | |
|---|---|
| 1. ശീതീകരണ സംഭരണ യൂണിറ്റ് | :400 ലക്ഷം രൂപ |
| 2. ജീവനോപാധി സഹായം | : 150 ലക്ഷം രൂപ |
| 3. വിപണന സഹായം | : 200 ലക്ഷം രൂപ |
| 4. മൂല്യവർദ്ധന യൂണിറ്റുകൾ | : 250 ലക്ഷം രൂപ |

പ്രസ്തുത നാല് ഘടകങ്ങൾക്കും സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. മത്സ്യഫെഡ് മുഖേന മത്സ്യ മേഖലയിൽ ഉണ്ടായിട്ടുള്ള കെടുതികൾ പരിഹരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ ജീവനോപാധിയുമായി ബന്ധപ്പെട്ട് അഡാക്ക് മുഖേന കൂടുകളിലെ മത്സ്യകൃഷി, കക്ക/ചിപ്പി കൃഷി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സാഫ് മുഖേന സംസ്ഥാനത്തെ ഉൾനാടൻ/തീരദേശ മേഖലകളിലെ മത്സ്യഗ്രാമങ്ങളിൽ മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങളുടെ നിർമ്മാണ, വിപണന യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

| | |
|---|---|
| സി) മത്സ്യത്തിന്റെ ആഭ്യന്തര വിപണി ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | സി) മത്സ്യത്തിന്റെ ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മത്സ്യഫെഡ് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>1. കൊച്ചിയിലും, കോഴിക്കോടുമായി 20 ആധുനിക മത്സ്യവിൽപ്പന ശാല ആരംഭിക്കുന്നതിനും, അതിലേയ്ക്ക് മത്സ്യം ലഭ്യമാക്കുന്നതിന് ബേസ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുമായി 168 ലക്ഷം രൂപ മുതൽമുടക്കുള്ള പദ്ധതി .<br><br>2. സംസ്ഥാനത്ത് ഒരു ഹാർബറിലും, രണ്ട് ലാന്റിംഗ് സെന്ററുകളിലുമായി ഐസ് പ്ലാന്റ്, താൽക്കാലികമായി സ്റ്റോറേജുകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കിയും, തെരഞ്ഞെടുത്ത 3 മാർക്കറ്റുകളുടെ നവീകരണത്തിനുമായി 415 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതി.<br><br>മേൽപ്പറഞ്ഞ പദ്ധതികൾ വഴി ആഭ്യന്തര വിപണി മെച്ചപ്പെടുത്തി മത്സ്യത്തിന് കൂടുതൽ വില ഉറപ്പ് വരുത്തുവാൻ സാധിക്കും. |
| ഡി) മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗങ്ങൾ ശക്തിപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുമോ? | ഡി) പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമുള്ള ചോദ്യം നമ്പർ.645 | 31.03.2010-ലെ മറുപടിക്ക്

### ജി.ഐ.എസ്. വഴിയുള്ള കെട്ടിടനികുതി പിരിവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. കുഞ്ഞിരാമൻ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. എം. ഹംസ<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി<br>ശ്രീ. വി.എൻ. വാസവൻ | ശ്രീ. പാലൊളി മുഹമ്മദ് കുട്ടി (തദ്ദേശ സ്വയം ഭരണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രി) |

| ചോദ്യം | ഉത്തരം |
|---|---|
| (എ) നഗരസഭകളിലെ കെട്ടിട നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | എ നഗരസഭകളിലെ നികുതി വിഭാഗം ഉദ്യോഗസ്ഥർക്ക് പ്രതിമാസ / പ്രതിവാര ടാർഗിറ്റ് നിശ്ചയിച്ചു കൊടുക്കുകയും, നികുതി പിരിവ് പുരോഗതി അവലോകന മീറ്റിംഗുകൾ വിളിച്ചു ചേർക്കുകയും ചെയ്യുന്നു. കൂടാതെ നികുതിദായകർക്ക് ബിറ്റ് നോട്ടീസുകൾ വിതരണം ചെയ്യുകയും മൈക്ക് അനൗൺസ്മെന്റ് നടത്തുകയും ചെയ്യാറുണ്ട്. മാത്രമല്ല അവധി ദിവസങ്ങളിൽ നികുതി സ്വീകരിക്കുന്നതിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) കെട്ടിട നികുതി നിർണ്ണയിക്കുന്നതിനും ക്രമീകരിക്കുന്നതിനും ജിയോഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റം നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? | ബി ഉണ്ട്. |

| | | | |
|---|---|---|---|
| സി | ഈ സംമ്പ്രദായം കൊണ്ടുള്ള പ്രയോജനം വ്യക്തമാക്കുമോ? | സി | പദ്ധതിയുടെ പ്രാരംഭ ദശയിലായതിനാൽ പ്രയോജനം സംബന്ധിച്ച് കൃത്യമായി വിലയിരുത്താൻ കഴിയില്ല. |
| ഡി | നഗരസഭകളിൽ ജി.ഐ.എസ്. ഭൂപടങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ? | ഡി | കെ.എസ്.യു.ഡി.പി മുഖേന കോർപ്പറേഷനുകളിൽ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 646 — 31.03.2010-ലെ മറുപടിക്ക്

**"മരാമത്ത് പണികളുടെ നിർവ്വഹണത്തിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ"**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.വി.കുഞ്ഞിരാമൻ<br>ശ്രീമതി.പി.അയിഷാപോറ്റി<br>ശ്രീമതി. ജെ.അരുന്ധതി<br>ശ്രീ. ജോർജ്ജ് എം.തോമസ്<br>ശ്രീ.പി.ടി.എ. റഹീം | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) തദ്ദേശ സ്വയംഭരണ വകുപ്പിന് സ്വന്തമായി എഞ്ചിനീയറിംഗ് കേഡർ രൂപീകരിച്ചതുമൂലം മരാമത്ത് പണികളുടെ നിർവ്വഹണത്തിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ; | (എ) എഞ്ചിനീയറിംഗ് കേഡർ നിലവിൽ വന്ന 1.01.2008 ന് മുൻപ് ഗ്രാമ പഞ്ചായത്തുകളിലെ മരാമത്തു പണികൾ നിർവ്വഹിച്ചിരുന്നത് പൊതു മരാമത്ത് ജലസേചന വകുപ്പുകളിൽ നിന്നും പുനർ വിന്യസിക്കപ്പെട്ടിട്ടുള്ള സാങ്കേതിക വിഭാഗം ജീവനക്കാരും പഞ്ചായത്തു വകുപ്പിൽ നിലനിന്നിരുന്ന വളരെക്കുറച്ച് സാങ്കേതിക വിഭാഗക്കാരും കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട സാങ്കേതിക വിഭാഗം ജീവനക്കാരുമാണ്. ബ്ലോക്കു പഞ്ചായത്തിൽ അസിസ്റ്റൻറ് എഞ്ചിനീയർമാരാണ് പണികൾ നിർവ്വഹിച്ചിരുന്നത്. എഞ്ചിനീയറിംഗ് കേഡർ രൂപീകരിച്ചതോടുകൂടി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ആവശ്യമായ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സേവനം പരമാവധി ലഭ്യമാക്കുന്നതിനും അതുവഴി മരാമത്തു പണികൾ സമയബന്ധിതമായും ഗുണമേൻമയോടുകൂടിയും നിർവ്വഹിക്കുവാനും സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഏതെല്ലാം വകുപ്പുകളിൽ നിന്നുള്ള എഞ്ചിനീയറിംഗ് ജീവനക്കാരെ ചേർത്താണ് എഞ്ചിനീയറിംഗ് കേഡർ രൂപീകരിച്ചിട്ടുള്ളത്; | (ബി) | പൊതുമരാമത്ത്/ജലസേചനം എന്നീ വകുപ്പുകളിൽ അധികമെന്ന് കണ്ടെത്തിയ ജീവനക്കാരെയും , പഞ്ചായത്ത് വകുപ്പ്, നഗരസഭകൾ/ സ്റ്റേറ്റ് റൂറൽ റോഡ് വികസന അതോരിറ്റി, റൂറൽ ഡവലപ്പ്മെൻറ് ബോർഡ്, ദാരിദ്ര്യ ലഘൂകരണ യൂണിറ്റുകൾ, ബ്ലോക്കു പഞ്ചായത്ത്, എന്നിവിടങ്ങളിലെ സാങ്കേതിക വിഭാഗം ജീവനക്കാരേയും ചേർത്താണ് എഞ്ചിനീയറിംഗ് കേഡർ രൂപീകരിച്ചത്. |
| (സി) | എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും എഞ്ചിനീയർമാരുടെയും ഓവർസീയർമാരുടേയും സേവനം ലഭ്യമാണോ; | (സി) | തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ താഴെപ്പറയുന്ന ഒഴിവുകളുണ്ട്.<br>സൂപ്രണ്ടിംഗ് എഞ്ചിനീയർ —2<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ —9<br>അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ —46<br>അസിസ്റ്റൻറ് എഞ്ചിനീയർ —3<br>ഓവർസീയർ —438 |
| (ഡി) | തദ്ദേശ സ്വയംഭരണ വകുപ്പിൽ ഇപ്പോൾ എത്ര ഓവർസീയർമാരും എഞ്ചിനീയർമാരും ജോലി ചെയ്യുന്നു എന്ന് വെളിപ്പെടുത്തുമോ: | (ഡി) | തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് കേഡറിന്റെ കീഴിൽ താഴെപ്പറയുന്ന ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്.<br>1. ചീഫ് എഞ്ചിനീയർ — 1<br>2. സൂപ്രണ്ടിംഗ് എഞ്ചിനീയർ—7<br>3. എക്സിക്യൂട്ടീവ് എഞ്ചിനീയർ—38<br>4. അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ—116<br>5. അസിസ്റ്റൻറ് എഞ്ചിനീയർ—726<br>6. ഓവർസീയർ—2345 |
| (ഇ) | ഇവരുടെ സേവന വേതന വ്യവസ്ഥകൾ വ്യക്തമാക്കുമോ; | (ഇ) | തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ജോലി ചെയ്യുന്ന സാങ്കേതിക വിഭാഗം ജീവനക്കാരുടെ സേവന വ്യവസ്ഥകൾ 27.11.2007 ൽ പുറപ്പെടുവിച്ചിട്ടുള്ള സ.ഉ.(പി) 271/2007/ LSGD, സഉ(പി) 272/2007/LSGD, നമ്പർ സ്പെഷ്യൽ റൂളുകൾ പ്രകാരമാണ് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളത്. ഇവരുടെ വേതനം സർക്കാർ കാലാകാലങ്ങളിൽ അനുവദിച്ചു നൽകുന്ന വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് |

| | |
|---|---|
| (എഫ്) ഇവരുടെ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ | (എഫ്) പ്രൊമോഷൻ വഴിയും, ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളിൽ തീർപ്പു കൽപ്പിക്കുന്നതിന് വിധേയമായും ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**
**പന്ത്രണ്ടാം കേരള നിയമസഭ**
**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 647**

**31.03.2010 ൽ ബഹു; ധനകാര്യ വകുപ്പ് മന്ത്രി മറുപടി നൽകേണ്ടത്**

| ദേശീയ സമ്പാദ്യ നിക്ഷേപ സമാഹരണം | | |
|---|---|---|
| ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. കെ.സി. രാജഗോപാലൻ<br>ശ്രീ. എ.സി. മൊയ്തീൻ | | ഉത്തരം<br>ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി |
| (എ) | ദേശീയ സമ്പാദ്യ നിക്ഷേപ സമാഹരണത്തിന് നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്. | 1. ദേശസാൽകൃത ബാങ്കുകളിൽ പലിശ നിരക്കുകളിൽ വരുത്തിയ വർദ്ധനയ്ക്കനുസരിച്ച് ദേശീയ സമ്പാദ്യ പദ്ധതിയുടെ പലിശ നിരക്കിൽ വർദ്ധനവ് വരുത്താത്തത്. (01.03.2003 ന് ശേഷം ദേശീയ സമ്പാദ്യ പദ്ധതി പലിശ നിരക്കിൽ യാതൊരു വർദ്ധനവും ഉണ്ടായിട്ടില്ല).<br>2. സ്ഥാപനങ്ങൾ മുഖേനയുള്ള (ക്ഷേമനിധി ബോർഡ്, ട്രസ്റ്റ്) നിക്ഷേപം ദേശീയ സമ്പാദ്യ പദ്ധതിയിൽ നിക്ഷേപിക്കുന്നത് നിർത്തലാക്കിയത്.<br>3. മാസവരുമാന പദ്ധതിയ്ക്ക് കാലാവധി പൂർത്തിയാവുന്ന അവസരത്തിൽ നൽകിവരുന്ന 10% ബോണസ് നിർത്തലാക്കിയത്. മുതലായവയാണ് പ്രധാനമായവ. |
| (സി) | പദ്ധതി ആകർഷകമാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് കേന്ദ്രത്തിന് സമർപ്പിച്ചത്; അതിൽ ഏതെല്ലാം അംഗീകരിച്ചിട്ടുണ്ട്; | പദ്ധതി ആകർഷകമാക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങളാണ് കേന്ദ്രത്തിന് സമർപ്പിച്ചത്.<br>1. ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപങ്ങളുടെ പലിശനിരക്ക് വർദ്ധിപ്പിക്കുക.<br>2. MIS അക്കൗണ്ടിന് പിൻവലിച്ച 10% ബോണസ് പുന:സ്ഥാപിക്കുക.<br>3. ദേശീയ സമ്പാദ്യ പദ്ധതിയിൽ സ്ഥാപനങ്ങൾക്ക് നിക്ഷേപം നടത്താൻ അനുമതി നൽകുക. |

| | | |
|---|---|---|
| | | 4. ഏജൻറുമാരെ നിക്ഷേപകരുടെ മെസഞ്ചർ-മാരായി പ്രവർത്തിക്കാൻ അനുവദിക്കുക.<br>5. പുതിയ ആകർഷകമായ പദ്ധതികൾ ആരംഭിക്കുക.<br>സംസ്ഥാന സർക്കാർ മുൻകൈ എടുത്ത് സംസ്ഥാന ധനമന്ത്രിമാരുടെ യോഗത്തിലും , കത്ത് ഇടപാടുകളിലൂടെയും, ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപങ്ങൾ കൂടുതൽ ആകർഷകമാക്കാൻ കേന്ദ്രഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തിയതിൻെറ ഫലമായി മാസവരുമാന പദ്ധതിയ്ക്ക് നിർത്തലാക്കിയ 10% ബോണസ് 5% പുന:സ്ഥാപിക്കുകയും 5 വർഷ ടൈം ഡിപ്പോസിറ്റിന് ആദായ നികുതി ഇളവ് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | നടപ്പുവർഷത്തെ നിക്ഷേപ സമാഹരണ ലക്ഷ്യം എത്രയാണെന്നും ഇതിനകം എത്ര കോടി രൂപയുടെ നിക്ഷേപം ലഭിച്ചിട്ടുണ്ടെന്നും അറിയിക്കുമോ; | നടപ്പു വർഷത്തെ നിക്ഷേപ സമാഹരണ ലക്ഷ്യം 2600 കോടി രൂപ (മിച്ച നിക്ഷേപം) ആണ്. 2010 ഇനുവരി വരെ സംസ്ഥാനത്ത് 4991.84 കോടി രൂപ മൊത്ത നിക്ഷേപമായും (-)256.50 കോടി രൂപ മിച്ച നിക്ഷേപമായും ലഭിച്ചിട്ടുണ്ട്. |
| (ഇ) | മഹിളാ പ്രധാൻ / എസ്.എ.എസ് ഏജൻറുമാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്; | കേന്ദ്ര സർക്കാർ നൽകുന്ന 4% കമ്മീഷനു പുറമേ സംസ്ഥാന സർക്കാർ നൽകുന്ന 4% പ്രോൽസാഹന അലവൻസ് 1¼% വാർഷിക ബോണസ് ഇവയാണ് മഹിളാ പ്രധാൻ ഏജൻറുമാർക്കുള്ള ആനുകൂല്യം. എസ്.എ.എസ് ഏജൻറുമാർക്ക് സമാഹരിക്കുന്ന നിക്ഷേപത്തിന് കേന്ദ്ര ഗവൺമെൻറ് നൽകുന്ന 1% കമ്മീഷനും, സംസ്ഥാന സർക്കാർ നൽകുന്ന 1% പ്രോൽസാഹന അലവൻസും കൂടാതെ അലവൻസിൻെറ 10% ബോണസും ലഭിക്കുന്നുണ്ട്. ഇതിനു പുറമേ ഏജൻറുമാർക്കായി ഏജൻറ്സ് വെൽഫയർ സ്കീമും, പെൻഷൻ പദ്ധതിയും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം : 648** **31.03.2010- ൽ മറുപടിക്ക്.**

## ക്രിമിനൽ കുറ്റകൃത്യങ്ങൾക്ക് ഇരകളാകുന്നവർക്ക് നഷ്ടപരിഹാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ടി. അഹമ്മദ് അലി<br>ശ്രീ. എം. ഉമ്മർ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ക്രിമിനൽ കുറ്റകൃത്യങ്ങൾക്ക് ഇരകളാകുന്നവർക്ക് നഷ്ടപരിഹാരം നൽകണമെന്ന് ദേശീയ നിയമ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;<br><br>(ബി) പ്രസ്തുത ശുപാർശകൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;<br><br>(സി) ഇതിനായി ഫണ്ട് എങ്ങനെയാണ് കണ്ടെത്തുന്നത് ;<br><br>(ഡി) നഷ്ടപരിഹാരം ഏതെല്ലാം ഇനങ്ങൾക്കാണ് നൽകുന്നതെന്നും എത്ര തുകയാണ് വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ? | : (എ), (ബി), (സി) & (ഡി)<br>ക്രിമിനൽ കുറ്റകൃത്യങ്ങൾക്ക് ഇരകളാകുന്നവർക്ക് നഷ്ടപരിഹാരം നൽകണമെന്നുള്ള ദേശീയ നിയമ കമ്മീഷന്റെ ശുപാർശകൾ ലഭിച്ചിട്ടില്ല. ആസിഡ് അറ്റാക്കുമായി ബന്ധപ്പെട്ട് അത്തരം കുറ്റങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ക്രിമിനൽ ഇൻജ്വറി കോമ്പൻസേഷൻ ബോർഡ് രൂപീകരിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ദേശീയ നിയമ കമ്മീഷൻ ശുപാർശ കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ദേശീയ നിയമ കമ്മീഷനെ രണ്ടാം എതിർ കക്ഷിയായി ചേർത്തുകൊണ്ട് ആസിഡ് അറ്റാക്കിന് വിധേയയായ ശ്രീമതി.ലക്ഷ്മി ഫയൽ ചെയ്ത കേസിൽ, ടി വിഷയത്തിൽ സാധ്യമായ ഭേദഗതികൾ വരുത്തുന്നതിനെക്കുറിച്ച് കേന്ദ്രത്തിൽ നിന്ന് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 649

31.03.2010-ൽ മറുപടിയ്ക്ക്

## കൊച്ചിയിൽ മറൈൻ ബയോളജിക്കൽ റിസർച്ച് സെന്ററും ഓഷ്യനേറിയവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സാജുപോൾ<br>ശ്രീ.സി.എം. ദിനേശ് മണി<br>ശ്രീ. എം.ജെ ജേക്കബ്,<br>ശ്രീ.എം.എം.മോനായി<br>ശ്രീ.എം.കെ. പുരുഷോത്തമൻ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) കൊച്ചിയിൽ മറൈൻ ബയോളജിക്കൽ റിസർച്ച് സെന്ററും ഓഷ്യനേറിയവും സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) കൊച്ചിയിൽ ഒരു മറൈൻ ബയോളജിക്കൽ റിസർച്ച് സ്റ്റേഷനും ഓഷ്യനേറിയവും സർക്കാർ സ്വകാര്യ വ്യക്തി പങ്കാളിത്തത്തോടെ സ്ഥാപിക്കാൻ തീരുമാനിച്ചു. കെ.എസ്.ഐ.ഡി.സി.യെ ബിഡ് മാനേജരായി നിയമിച്ചു. ഇതിന്റെ നോഡൽ ഏജൻസിയായി ഫിർമയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പുതുവൈപ്പിൽ, റവന്യു വകുപ്പിന്റെ ഉടമസ്ഥാവകാശത്തിലുള്ള 50 ഏക്കർ സ്ഥലം ഫിഷറീസ് വകുപ്പിലേയ്ക്ക് കൈമാറ്റം ചെയ്തു. ഇതിൽ 10 ഏക്കർ സ്ഥലത്ത് സെന്റർ ഫോർ മറൈൻ ലിവിങ് റിസോഴ്സസ് ആന്റ് ഇക്കോളജി (സി.എം.എൽ.ആർ.ഇ) യുടെ ഓഫീസും റിസർച്ച് സ്റ്റേഷനും 40 ഏക്കറിൽ ഓഷ്യനേറിയവും അനുബന്ധ സ്ഥാപനങ്ങളും സ്ഥാപിക്കുന്നതാണ്. ഓഷ്യനേറിയത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും നിർമ്മാണത്തിന്റെ ഭാഗമായിട്ടുള്ള ലാന്റ് റിക്ലമേഷൻ പണികൾ പൂർത്തിയായി. ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി ആഗോള ടെണ്ടർ ക്ഷണിച്ചു. അതിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട മഹീന്ദ്ര കൺസൾട്ടിംഗ് എഞ്ചിനീയേഴ്സ് ലിമിറ്റഡ് എന്ന സ്ഥാപനം സമർപ്പിച്ച ഫീസിബിലിറ്റി റിപ്പോർട്ട് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| ബി) പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടിന്റെ വിശദാംശം നൽകുമോ; | ബി) കടൽ ജൈവ വൈവിധ്യ ഗവേഷണത്തിന്റെയും ടൂറിസം വികസനത്തിന്റെയും ഭാഗമായി കൊച്ചിയിൽ ആരംഭിക്കുന്ന ഓഷ്യനേറിയത്തിൽ മറൈൻ ബയോജളിക്കൽ റിസർച്ച് സ്റ്റേഷനും ഓഷ്യനേറിയവും, മ്യൂസിയവും ഗവേഷണത്തിനും പരിശീലനത്തിനുമുള്ള സൗകര്യങ്ങളും ലഭ്യമായിരിക്കും. |
| സി) പദ്ധതിയുടെ മൊത്തം അടങ്കൽ എത്ര കോടിയാണ്; | സി) പദ്ധതിയുടെ മൊത്തം അടങ്കൽ തുക 456 കോടി രൂപയായാണ് കണക്കാക്കിയിരിക്കുന്നത്. |
| ഡി) പദ്ധതിയ്ക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; പദ്ധതി എന്ന് പ്രവർത്തനം ആരംഭിക്കും എന്ന് വെളിപ്പെടുത്തുമോ? | ഡി) ടി പദ്ധതി കേന്ദ്രത്തിന്റെ സജീവ പരിഗണനയിലാണ്. പദ്ധതി 2010-ൽ തന്നെ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 650 — 31/03/2010-ൽ മറുപടിക്ക്

### വാഹനപരിശോധനക്കുള്ള നിർദ്ദേശങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.മുരളി.<br>ശ്രീ. എൻ.ശക്തൻ.<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ. | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും<br>വകുപ്പ് മന്ത്രി) |
| എ) പോലീസ് ഉദ്യോഗസ്ഥർ വാഹനങ്ങൾ തടഞ്ഞുനിർത്തി പരിശോധിക്കുന്നത് സംബന്ധിച്ച് സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; | എ) ട്രാഫിക് ചട്ടലംഘനങ്ങൾ കണ്ടുപിടിക്കുന്നതിന്റെ ഭാഗമായിട്ടും, വാഹനങ്ങളുടെ രേഖകളുടെ പരിശോധനകൾക്കും മറ്റുമായി, സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പോലീസ് ഉദ്യോഗസ്ഥന് വാഹനങ്ങളെ നിർത്തി പരിശോധിക്കാനുള്ള അധികാരം നിലവിലുണ്ട്. ഇത്തരം പരിശോധനകൾ നടത്തുമ്പോൾ പോലീസ് ഉദ്യോഗസ്ഥർ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കുലർ നമ്പർ 7/09, എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 10/09 എന്നിവ വഴി എല്ലാ പോലീസ് ഉദ്യോഗസ്ഥരെയും അറിയിച്ചിട്ടുള്ളതാകുന്നു. ആയതിന്റെ പകർപ്പുകൾ അനുബന്ധം - I & II ആയി ചേർത്തിരിക്കുന്നു. |
| ബി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നത് എപ്രകാരമാണ്; | ബി) ഉയർന്ന ഉദ്യോഗസ്ഥരുടെ പരിശോധനാവേളകളിൽ പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് ഉറപ്പു വരുത്താറുണ്ട്. |
| സി) ഏതു റാങ്കിലുള്ള ഉദ്യോഗസ്ഥന്മാർക്കാണ് വാഹനങ്ങൾ തടഞ്ഞു നിർത്തി പരിശോധിക്കുവാൻ അധികാരമുള്ളതെന്ന് വ്യക്തമാക്കുമോ; | സി) സബ് ഇൻസ്പെക്ടർ റാങ്കിലും അതിന് മുകളിലെ റാങ്കിലുമുള്ള ഉദ്യോഗസ്ഥർക്കാണ് വാഹനങ്ങൾ നിർത്തി പരിശോധിക്കുവാൻ അധികാരമുള്ളത്. |

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത റാങ്കിൽ താഴെയുള്ള ഉദ്യോഗസ്ഥർ വാഹനം തടഞ്ഞു നിർത്തി പരിശോധിക്കുന്നുവെങ്കിൽ അപ്രകാരം ചെയ്യുന്നവരുടെ മേൽ നടപടിയെടുക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; | ഡി) | അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഇ) | സർക്കിൾ ഇൻസ്പെക്ടറുടെ സീൽ പതിപ്പിച്ച് പ്രസ്തുത ഉദ്യോഗസ്ഥന്റെ അസാന്നിദ്ധ്യത്തിൽ കോൺസ്റ്റബിളിന് രസീത് നൽകാൻ അധികാരമുണ്ടോ; | ഇ) & എഫ്) | അധികാരമില്ല. |
| എഫ്) | എങ്കിൽ അത് സംബന്ധിച്ച് വിശദീകരിക്കുമോ? | | |

Panchali (signature)
സെക്ഷൻ ഓഫീസർ.

✓

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

<u>പന്ത്രണ്ടാം കേരള നിയമസഭ</u>
<u>പതിനാലാം സമ്മേളനം</u>

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 651

31.03.2010-ൽ മറുപടിക്ക്

ചോദ്യം | ഉത്തരം

ശ്രീ. വർക്കല കഹാർ
ശ്രീ. കെ.ശിവദാസൻ നായർ
ശ്രീ. ജോർജ് മേഴ്സിയർ

ഡോ. ടി.എം.തോമസ് ഐസക്
ധനകാര്യമന്ത്രി

<u>പ്രീ ബഡ്ജറ്റ് ചർച്ച</u>

| | | |
|---|---|---|
| (എ) | ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനു മുമ്പായി ധനകാര്യമന്ത്രി ഏതെല്ലാം വിഭാഗങ്ങളുമായിട്ടാണ് ചർച്ച നടത്താറുള്ളത്; | വിവിധ വ്യാപാരി വ്യവസായി സംഘടനാ പ്രതിനിധികൾ, വിവിധ മേഖലകളിലുള്ള വിദഗ്ധൻമാർ എന്നിവരുമായി ചർച്ച നടത്താറുണ്ട്. |
| (ബി) | ഇതിൽ ഓരോ വിഭാഗവും സംസ്ഥാന ബഡ്ജറ്റിലേക്ക് എത്ര ശതമാനം വീതം വരുമാനം നൽകുന്നുണ്ട്; | ഇതിൽ ഓരോ വിഭാഗവും സംസ്ഥാന ബഡ്ജറ്റിലേക്ക് എത്ര ശതമാനം വീതം വരുമാനം നൽകുന്നുണ്ട് എന്നത് സംബന്ധിച്ച കണക്കുകൾ സൂക്ഷിക്കുന്നില്ല. |
| (സി) | കർഷകരുമായി ബഡ്ജറ്റ് രൂപീകരണത്തിനുമുമ്പ് ചർച്ച ചെയ്യാറുണ്ടോ; | ഇല്ല |
| (ഡി) | കാർഷികരംഗം ബഡ്ജറ്റിലേയ്ക്ക് എത്ര ശതമാനം വരുമാനം നൽകാറുണ്ട്; | കാർഷികാദായ നികുതി ഉൾപ്പെടെ , ധാന്യ വിളകൾ, മൃഗ സംരക്ഷണം, ക്ഷീര വികസനം എന്നിവ ഉൾക്കൊള്ളുന്ന കാർഷിക മേഖലയിൽനിന്ന് സംസ്ഥാന ബഡ്ജറ്റിലേക്ക് മൊത്ത വരുമാനത്തിൻെറ ശരാശരി 0.16 ശതമാനം ലഭിക്കാറുണ്ട്. |
| (ഇ) | കാർഷിക രംഗത്തുള്ള വിദഗ്ധന്മാരുമായും കർഷകരുമായും പ്രീ ബഡ്ജറ്റ് ചർച്ച നടത്താത്തതെന്തുകൊണ്ടാണ് എന്ന് വെളിപ്പെടുത്തുമോ? | കാർഷിക രംഗത്തുള്ള വിദഗ്ധന്മാരുമായും കർഷകരുമായും പ്രീ ബഡ്ജറ്റ് ചർച്ച ചെയ്യുന്ന കീഴ്‌വഴക്കമില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 652

31.03.2010-ൽ മറുപടിയ്ക്ക്

തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക്
മിനിമം കൂലി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.സി. മൊയ്തീൻ : | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും<br>വകുപ്പ് മന്ത്രി) |
| എ. തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ചില പഞ്ചായത്തുകളിൽ കൂലി നൽകുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | എ. ഉണ്ട്. |
| ബി. എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തെല്ലാ മാണ് ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | ബി. വേതന വിതരണത്തിൽ കാലതാമസം വരുന്നത് പ്രധാനമായും താഴെപ്പറയുന്ന കാരണങ്ങളാലാ ണ്.<br>(1). പണി പൂർത്തിയായ ശേഷം മസ്റ്റർറോളും സൈറ്റ് ഡയറിയും ഗ്രാമപഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുന്നതിന് മേറ്റുകൾ കാലതാമസം വരുത്തുന്നു.<br>(2). കംപ്ലീഷൻ റിപ്പോർട്ട് നൽകുവാൻ വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി കാലതാമസം വരുത്തുന്നു.<br>(3). പൂർത്തീകരിച്ച പ്രവൃത്തികളുടെ മൂല്യ നിർണ്ണയം നടത്തുന്നതിന്/അന്തിമ മെഷർമെന്റുകൾ എടുക്കുന്നതിന് ഓവർസിയർ/എഞ്ചിനിയർ കാല താമസം വരുത്തുന്നു.<br>(4). ഓൺലൈൻ ഡാറ്റാ എൻട്രി നടത്തി പേ സ്ലിപ്പ് തയ്യാറാക്കുന്നതിൽ ഡാറ്റാഎൻട്രി ഓപ്പറേറ്റർമാർ കാലതാമസം വരുത്തുന്നു.<br>(5). കൃത്യസമയത്ത് വേതനം തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് കൈമാറാതിരിക്കുന്നു.<br>ഇതു പരിഹിരിക്കുന്നതിന് ഗ്രാമവികസന കമ്മീഷണർ 4-8-2009-ൽ 42541/എൻ.ആർ. ഇ. ജി. സെൽ/09/സി.ആർ.ഡി. നമ്പർ സർക്കുലർ മുഖേന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി. | സംസ്ഥാനത്തെ മിനിമം കൂലിയെങ്കിലും തൊഴിലുറപ്പ് പദ്ധതിയിൽ അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; | സി. | ഉണ്ട്. |
| ഡി. | ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ പ്രതികരണം എന്താണ് ? | ഡി. | 2009 ഏപ്രിൽ മാസത്തിൽ അതതു സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന മിനിമം വേതനമാണ് തൊഴിലുറപ്പു പദ്ധതിയുടെ വേതനമായി വിജ്ഞാപനം ചെയ്തിരുന്നത്. പിന്നീട് കേന്ദ്ര സർക്കാർ തൊഴിലുറപ്പു പദ്ധതിയിലെ മിനിമം വേതനം പ്രതിദിനം 100/- രൂപയാക്കി ഏകീകരിച്ചു. എങ്കിലും കേരളത്തിൽ നിലവിലുണ്ടായിരുന്ന പ്രതിദിന മിനിമം വേതനമായ 125/- രൂപ തുടരുന്നതിന് അനുമതി നൽകി. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ-- പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 653 — 31-03-2010- ൽ മറുപടിയ്ക്ക്

## ഏകീകൃത ഉൾനാടൻ മത്സ്യവികസന നിയമം

ചോദ്യം

ശ്രീ.എ.പ്രദീപ് കുമാർ :
ശ്രീ.സി.എം.ദിനേശ് മണി :
ശ്രീ.സി.എച്ച്.കുഞ്ഞമ്പു :
ശ്രീ.പി.വിശ്വൻ :
ശ്രീ.വി.എൻ.വാസവൻ :

മറുപടി

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി ഈ സർക്കാർ വന്നശേഷം നടത്തിയ നിയമനിർമ്മാണങ്ങൾ ഏതെല്ലാമാണ് ; | (എ)<br>1. വർഷകാല സമുദ്ര ഉപരിതല മത്സ്യബന്ധന നിയമം<br>2. കേരള മത്സ്യത്തൊഴിലാളി ക്ഷേമ സെസ്സ് നിയമം.<br>3. കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിയമം |
| (ബി) ഈ നിയമങ്ങൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ബി) വർഷകാല ഉപരിതല മത്സ്യബന്ധന നിയമം 2007 ജൂൺ മാസം നിലവിൽ വന്നു. ഈ നിയമമനുസരിച്ച് ട്രോളിംഗ് നിരോധന സമയത്തും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഉപരിതല മത്സ്യബന്ധനം നടത്തുന്നതിനു നിയമപരമായ സംരക്ഷണം നല്കി. മത്സ്യത്തൊഴിലാളി ക്ഷേമസെസ്സ് നിയമം അനുസരിച്ച് അസസ്സിംഗ് ഉദ്യോഗസ്ഥരെ നിയമിക്കുകയും സെസ്സ് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കു |

| | |
|---|---|
| | കയും ചെയ്തു വരുന്നു.<br>2008 - ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിയമം അനുസരിച്ചു സർക്കാർ കടാശ്വാസ കമ്മീഷനെ നിയമിക്കുകയും കമ്മീഷൻ ഋണബാദ്ധ്യതയുള്ളവരിൽനിന്ന് അപേക്ഷകൾ ക്ഷണിക്കുകയും ആയതു പരിശോധിക്കുകയും സർക്കാരിലേക്ക് ശുപാർശകൾ സമർപ്പിക്കുകയും ചെയ്യുന്നുണ്ട്.<br>ഇതിൻെറയടിസ്ഥാനത്തിൽ ആദ്യഘട്ടമായി 126 കോടി രൂപയുടെ കടാശ്വാസ നടപടികൾ സ്വീകരിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. |
| (സി) മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിന് സെസ്സ് ഏർപ്പെടുത്തിയശേഷം സെസ്സ് ഇനത്തിൽ എത്ര തുക ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ ; | (സി) 2008-2009 സാമ്പത്തിക വർഷംവരെ സെസ്സായി പിരിച്ചെടുത്തത് 1,77,356/- രൂപയാണ്. |
| (ഡി) ഏകീകൃത ഉൾനാടൻ മത്സ്യവികസനത്തിനായി നിയമം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) തിരുവിതാംകൂറിലും മലബാറിലും നിലവിലുള്ള മത്സ്യബന്ധന നിയമങ്ങൾ ക്രോഡീകരിച്ചുകൊണ്ടുള്ള ഏകീകൃത ഉൾനാടൻ മത്സ്യബന്ധന നിയമത്തിൻെറ കരട് നിയമസഭയിൽ അവതരിപ്പിച്ച് കൂടുതൽ ചർച്ചകൾക്കുവേണ്ടി സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട</u>
<u>ചോദ്യം നമ്പർ: 654</u> <u>31.03. 2010-ൽ മറുപടിയ്ക്ക്</u>

<u>ആസിയാൻ കരാറിന്റെ അടിസ്ഥാനത്തിലുള്ള മത്സ്യോൽപ്പന്നങ്ങളുടെ ഇറക്കുമതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. പി.കെ. അബ്ദുറബ്ബ് | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) ആസിയാൻ കരാർ നിലവിൽ വന്നശേഷം സംസ്ഥാനത്തേക്ക് മത്സ്യോല്പന്നങ്ങൾ ഇറക്കുമതി നടത്തിയിട്ടുണ്ടോ; | എ) മത്സ്യോൽപ്പന്നങ്ങൾ ഇറക്കുമതി നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മത്സ്യങ്ങൾ ഇറക്കുമതി നടത്തിയതായി എം.പി.ഇ.ഡി.എ അറിയിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് മത്സ്യ/മത്സ്യോല്പന്ന ഇറക്കുമതി നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) എം.പി.ഇ.ഡി.എ അറിയിച്ചതനുസരിച്ച് മെസ്സേഴ്സ്. ചോയ്സ് ട്രേഡിംഗ് കോർപ്പറേഷൻ, പി.വി.ശ്രീധരൻ റോഡ്, അരൂർ ട്രോൾ ബ്രിഡ്ജിന് സമീപം, കുമ്പളം, കൊച്ചി-682506 എന്ന സ്ഥാപനം തായ്‌ലന്റിൽ നിന്ന് കൊച്ചി തുറമുഖം വഴി മത്സ്യ ഇറക്കുമതി നടത്തിയി ട്ടുണ്ട്. |
| സി) ഏതെല്ലാം ഇനങ്ങളാണ് ഇറക്കുമതി ചെയ്യപ്പെട്ടിട്ടുള്ളത്; വിശദമാക്കുമോ? | സി) ചെമ്മീൻ വർഗങ്ങളും തിലാപ്പിയ മത്സ്യഇനങ്ങളുമാണ് ഇറക്കുമതി ചെയ്യപ്പെട്ടിട്ടുള്ളത്. |

Sreeja Kumari
സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.655 31.3.2010 ൽ മറുപടിക്ക്**

**റവന്യൂ കമ്മി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ വി.ഡി.സതീശൻ**<br>**ശ്രീ. എ.എ.ഷുക്കൂർ** | **ഡോ.റ്റി.എം.തോമസ് ഐസക്**<br>**ധനകാര്യവകുപ്പുമന്ത്രി** |

| | |
|---|---|
| (എ). ധനകാര്യ ഉത്തരവാദിത്വ നിയമ പ്രകാരം ഏതു ധനകാര്യ വർഷത്തിലാണ് റവന്യൂ കമ്മി കുറയ്ക്കേണ്ടത്; | 2003-ലെ കേരള ധന സംബന്ധമായ ഉത്തരവാദിത്ത നിയമം 2003 ഏപ്രിൽ 1 മുതൽ 2007 മാർച്ച് 31 വരെയുള്ള നാലു വർഷ കാലയളവ് കൊണ്ട് റവന്യൂ കമ്മി പൂജ്യമായി കുറയ്ക്കാൻ നിർദ്ദേശിക്കുന്നു |
| ബി. ഈ ഗവൺമെന്റ് നിലവിൽ വന്ന ശേഷം റവന്യൂ കമ്മി കുറയ്ക്കുവാൻ സ്വീകരിച്ച നടപടികളെന്തെല്ലാമാണ്; | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തിന്റെ നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിച്ചു കൊണ്ടും അനാവശ്യമായ റവന്യൂ ചിലവ് നിയന്ത്രിച്ചു കൊണ്ടും റവന്യൂ കമ്മി കുറയ്ക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി. അതിന്റെ ഫലമായി റവന്യൂ കമ്മി എത്ര കണ്ടു കുറയ്ക്കുവാൻ കഴിഞ്ഞു.; | 2005-06 സാമ്പത്തിക വർഷത്തിൽ റവന്യൂ കമ്മി 3129.15 കോടി രൂപയായിരുന്നു. ഇത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 2.49 ശതമാനം വരും. എന്നാൽ 2009-10ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 4081.63 കോടി രൂപയാണ് റവന്യൂ കമ്മി. ഇത് മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 1.90 ശതമാനമായി കുറഞ്ഞിട്ടുണ്ട്. |
| (ഡി) ഈ വർഷം റവന്യൂ കമ്മി എത്ര കണ്ടു കുറച്ചു; | 2008-09 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 1.96% ആയിരുന്ന റവന്യൂ കമ്മി 2009-10 ൽ 1.90 ശതമാനമായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ഇ) ഈ വർഷത്തെ റവന്യൂ കമ്മി എത്രയായിരിക്കുമെന്നു കണക്കാക്കപ്പെടുന്നു.? | പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഈ വർഷത്തെ റവന്യൂ കമ്മി 4081.63 കോടി രൂപയായി കണക്കാക്കപ്പെടുന്നു. |

സെക്ഷൻ ഓഫീസർ